# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുക്കം മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 9/1915/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 01/12/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മുക്കം മുനിസിപ്പാലിറ്റി

സർ,

വിഷയം : മുക്കം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുക്കം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. മേഖലാ നഗരകാര്യ ഡയറക്ടർ, കോഴിക്കോട്

5. കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 9/1915/2022 തീയ്യതി: 01/12/2022

## കോഴിക്കോട് ജില്ലയിലെ മുക്കം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മുക്കം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-05-2022 മുതൽ 18-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-10-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സിനി. എം. വി. | ജോയിന്റ് ഡയറക്ടർ | 19-09-2022 | 07-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-09-2022 | 07-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഇ.വി. ഹരി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഷൈന എ.കെ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അബ്ദുൾ നസീർ ടി.പി. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. വിജേഷ് കെ.കെ. ഓഡിറ്റർ
ശ്രീ. ബിബിൻ ഇ.സി. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുമയ്യാ ബീവി | സെക്രട്ടറി | 01-04-2021 | 28-06-2021 |
| ശ്രീ. കൃഷ്ണൻകുട്ടി. പി. എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-06-2021 | 07-07-2021 |
| ശ്രീ. എൻ. കെ. ഹരീഷ് | സെക്രട്ടറി | 07-07-2021 | 24-02-2022 |
| ശ്രീ. പ്രസൂനൻ. ഒ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-02-2022 | 31-03-2022 |
| ശ്രീ. പി. ടി. ബാബു | ചെയർമാൻ | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കൃഷ്ണൻകുട്ടി. പി. എം. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. പ്രിയ മോഹൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. കൃഷ്ണ സൂരജ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. റിതു | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. കേശിനി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ. മോഹൻ എം | മെഡിക്കൽ ഓഫീസർ, പി..എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീ. സനിൽ കുമാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 16-11-2021 |
| ശ്രീമതി. ഹിദ എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 16-11-2021 | 31-03-2022 |
| ശ്രീമതി. ഇന്ദു എൻ | പ്രിൻസിപ്പാൾ ജി.എച്ച്. എസ്എസ് നീലേശ്വരം | 01-04-2021 | 08-11-2021 |
| ശ്രീ. ശ്രീനാഥ് | പ്രിൻസിപ്പാൾ ജി.എച്ച്. എസ്എസ് നീലേശ്വരം | 18-11-2021 | 08-12-2021 |
| ശ്രീ. പ്രസാദ് വി. കെ. | പ്രിൻസിപ്പാൾ ജി.എച്ച്. എസ്എസ് നീലേശ്വരം | 08-12-2021 | 31-03-2022 |
| ശ്രീ. പ്രകാശൻ ടി. പി. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 01-04-2021 | 03-05-2021 |

| | | | |
|---|---|---|---|
| ശ്രീ. രാജീവൻ കെ. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 03-05-2021 | 31-07-2021 |
| ശ്രീ. അജീഷ് എ. ആർ. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 02-08-2021 | 31-10-2021 |
| ശ്രീ. ശ്രീജിത്ത് എ | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 01-11-2021 | 31-03-2022 |
| ശ്രീ. അജിത്ത് ടി. | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 01-04-2021 | 31-03-2022 |
| ശ്രീമതി. ലിസ | ഐ. സി. ഡി. എസ്. സൂപ്പർവൈസർ | 01-04-2021 | 10-11-2021 |
| ശ്രീമതി. റീജ | ഐ. സി. ഡി. എസ്. സൂപ്പർവൈസർ | 10-11-2021 | 31-03-2022 |
| ശ്രീ. വിപിൻ ദാസ് കെ. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്ക് | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | വസ്തു നികുതി കുടിശ്ശിക മുഴുവൻ ഈടാക്കാതെ ഒക്യുപ്പൻസി അനുവദിച്ചു. | 1-9 |
| 12 | പുതിയ കെട്ടിങ്ങൾക്ക് നമ്പർ നൽകുമ്പോൾ സഞ്ചയയിൽ ഡിജിറ്റൽ സിഗ്നേച്ചർ ചെയ്ത് ഡിമാന്റിൽ കൊണ്ടു വരാതെ ടാക്സ് ഈടാക്കുന്നു. | 1-10 |
| 13 | ഒക്യുപ്പൻസി നൽകുന്ന തീയതിയിലല്ലാതെ കംപ്ലീഷൻ തീയതിയിൽ വസ്തു നികുതി ഈടാക്കുന്നു. | 1-11 |
| 14 | മാൾ ഗണത്തിലെ കെട്ടിടത്തിന് ഷോപ്പ് ഗണത്തിൽ വസ്തുനികുതി ഈടാക്കി - നികുതിയിനത്തിൽ നഷ്ടം | 1-12 |
| 15 | വസ്തു നികുതി കണക്കാക്കിയതിൽ അപാകത - മുനിസിപ്പാലിറ്റിയ്ക്ക് നികുതി നഷ്ടം | 1-13 |
| 16 | സഞ്ചയ സോഫ്റ്റ് വെയർ അപാകതകൾ - ഒരു അവലോകനം | 1-14 |
| 17 | മുനിസിപ്പാലിറ്റി വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല | 1-15 |
| 18 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ വാടകക്ക് നൽകുന്നതിലും ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിലും ഗുരുതരമായ വീഴ്ച | 1-16 |
| 19 | ശിശുദിന സ്റ്റാമ്പ് 2020-21 വിതരണം ചെയ്ത തുക കേരള സംസ്ഥാന ശിശു ക്ഷേമ സമിതിയുടെ അക്കൗണ്ടിൽ അടവാക്കിയില്ല. | 1-17 |
| 20 | 2021-22 സാമ്പത്തിക വർഷത്തെ രസീത് പരിശോധനയിൽ കണ്ട അപാകതകൾ | 1-18 |
| 21 | മുഴുവൻ സ്ഥാപനങ്ങളെയും വ്യക്തികളെയും മുനിസിപ്പാലിറ്റി ലൈസൻസ് / തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരുന്നതിൽ വീഴ്ച | 1-19 |
| 22 | പൊതുമരാമത്ത് പ്രവർത്തികൾ - നടപ്പിലാക്കുന്നതിലെ അപാകതകൾ | 1-20 |

| | | |
|---|---|---|
| 23 | കുടിവെള്ള വിതരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-21 |
| 24 | ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - അപാകതകൾ | 1-22 |
| 25 | സെക്യൂരിറ്റി നിക്ഷേപം സ്വീകരിക്കാതെ പൊതുമരാമത്ത് പ്രവർത്തികൾ നടപ്പിലാക്കുന്നു | 1-23 |
| 26 | മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ | 1-24 |
| 27 | ടെണ്ടർ നടപടി ക്രമങ്ങളിലെ അപാകതകൾ കാരണം പ്രവർത്തി നിർവ്വഹണത്തിൽ വീഴ്ച | 1-25 |
| 28 | ആവശ്യകത നിർണ്ണയിക്കാതെ എഞ്ചിനീയറിങ്ങ് വിഭാഗത്തിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങി | 1-26 |
| 29 | ജീവനക്കാരുടെ പെൻഷൻ ഫണ്ട് അപാകതകൾ | 1-27 |
| 30 | ഓഡിറ്റ് റിപ്പോർട്ടുകളിൽ യഥാസമയം തുടർനടപടികൾ സ്വീകരിക്കുന്നില്ല. | 1-28 |
| 31 | സർക്കാർ ഉത്തരവിന് വിരുദ്ധമായി കേസുമായി മുന്നോട്ട് പോവുന്നു | 1-29 |
| 32 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-30 |
| 33 | പെൻഷൻ അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം | 1-31 |
| 34 | പി.എം.എ.വൈ. പദ്ധതി - കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട്, തനത് ഫണ്ട് എന്നിവയുടെ ചെലവുകൾ ഐ. കെ. എം. സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയില്ല. | 1-32 |
| 35 | നഗരസഭാ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - കെൽട്രോണിന് അധികം നൽകിയ തുക നാളിതു വരെ തിരികെ ലഭിച്ചില്ല. | 1-33 |
| 36 | തെരുവു വിളക്ക് വൈദ്യുത ചാർജ്ജ് അടവ് - അപാകതകൾ | 1-34 |
| 37 | മുൻകൂർ ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |

| | | |
|---|---|---|
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

മുക്കം നഗരസഭയുടെ 2021-22 വർഷത്തെ ബജറ്റ് 18-02-2021 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 26-03-2022 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും, അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

എ) തനത് വരുമാനം – എസ്റ്റിമേറ്റ് തുക ക്രമാതീതം

പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | പുതുക്കിയ ബജറ്റ് പ്രകാരം | വാർഷിക കണക്ക പ്രകാരം വരവ് |
|---|---|---|---|
| 110 | 83255400 | 36762684 | 36407526 |
| 130 | 4507000 | 1589500 | 2118458 |
| 140 | 13045700 | 6488630 | 5470452 |
| 150 | 924000 | 405000 | 396671 |

ബജറ്റ് എസ്റ്റിമേറ്റുകൾ വർക്ക് ഷീറ്റുകളുടെ അടിസ്ഥാനത്തിലല്ല തയാറാക്കിയത്. ഇത് ശരിയായ നടപടി ക്രമമല്ല.

ബി) ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ – ബജറ്റ് പുതുക്കുന്നില്ല

കേരള മുനിസിപ്പൽ ആക്റ്റ് സെക്ഷൻ 295(5) പ്രകാരം ഒരു വർഷത്തിനിടക്ക് നഗരസഭയുടെ വരവിനെയോ ചെലവിനെയോ സംബന്ധിച്ച് ബജറ്റിൽ കാണിച്ച എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. വരവ്/ചെലവ് വകയിരുത്തലുകളുടെ വ്യതിയാനം, വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ പോലും ക്രമീകരിച്ചിട്ടില്ല. ചില വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഹെഡ് | ബജറ്റ് | പുതുക്കിയ ബജറ്റ് | വാർഷിക കണക്ക |
|---|---|---|---|

| | പ്രൊവിഷൻ | പ്രൊവിഷൻ | പ്രകാരമുള്ളത് |
|---|---|---|---|
| 210 | 46770000 | 24983000 | 26042774 |
| 220 | 8330000 | 3439000 | 13604751 |
| 230 | 48296210 | 12836553 | 19701090 |

ബജറ്റ് പ്രൊവിഷനില്ലാതെ വരവ് ചെലവ് നടത്തിയത് കെ.എഫ്.സി ആർട്ടിക്കിൾ 40 (എ) പ്രകാരം അനുവദനീയമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-2 വാർഷിക കണക്ക്

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 30.07.2022 |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

മുക്കം നഗരസഭയുടെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയാറാക്കിയിട്ടുണ്ടെങ്കിലും അവയൊന്നിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.
2. വിവിധ ഡി. സി. ബി. രജിസ്റ്ററുകളിൽ (വസ്തു നികുതി, തൊഴിൽ നികുതി, ഡി & ഒ, കെട്ടിട വാടക, വിനോദ നികുതി തുടങ്ങിയവ) വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തൻവർഷത്തെ ഡിമാന്റുകളുടെ കൃത്യത Income & Expenditure 1-1, 1-3 ഷെഡ്യൂളുകളുമായി പൊരുത്തപ്പെടുത്താൻ സാധിച്ചിട്ടില്ല.
3. ബാലൻസ് ഷീറ്റ് B-15 ലെ വസ്തുനികുതി, ആകെ കിട്ടാനുള്ള തുകയുടെ സെസ്സ് തുക 5% എന്നതിൽ വ്യത്യാസം കാണുന്നു.
4. ആസ്തികൾക്ക് ഇൻകം ആന്റ് ഏക്സ്പെന്റിച്ചർ അക്കൗണ്ടിൽ തൻ വർഷം ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.
5. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിരിക്കുന്ന ആസ്തി ബാധ്യതകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല (ബി-7, ബി. 18 ഷെഡ്യൂളുകൾ)
6. ഷെഡ്യൂൾ B5 പ്രകാരം 7695525/- രൂപ വായ്പയിനത്തിൽ ബാധ്യതയുണ്ട്. എന്നാൽ ഈ വായ്പകളുടെ വിശദാംശം രേഖപ്പെടുത്തിയ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7. 2016-17 സാമ്പത്തിക വർഷത്തെ ഷെഡ്യൂൾ B5 പ്രകാരം ഇ. എം. എസ്. ഭവന പദ്ധതി ലോൺ തുക 2148857 രൂപ വായ്പയിനത്തിൽ (Loan From Financial Institutions) ബാധ്യതയുണ്ട്. ഈ തുക 2021-22 സാമ്പത്തിക വർഷത്തെ ഷെഡ്യൂൾ B5 പ്രകാരം തുടരുന്നുണ്ട്. ഈ തുക ഏത് സ്ഥാപനത്തിൽ നിന്നാണ് എടുത്തതെന്ന് നാളിതുവരെ നഗരസഭ ഓഡിറ്റിനെ അറിയിച്ചിട്ടില്ല. കൂടാതെ വായ്പ തിരിച്ചടവാക്കി നഗരസഭയുടെ ബാധ്യത തീർക്കാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

8. ഇ - ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില മുൻസിപ്പൽ ഫണ്ടിൽ വരവ് വെയ്ക്കുന്നില്ല. നിലവിൽ ഈ തുക അസിസ്റ്റന്റ് എൻജിനീയറുടെ ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. ഇത് മുൻസിപ്പൽ ഫണ്ടിലേക്ക് വരവ് വെക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. നഗരസഭ നൽകിയതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകൾ (Liability Inrespect Of Stale Cheque) എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

11. അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

12. സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ PMAY പ്രോജക്റ്റുകളിൽ ആകെ 1,24,35,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ ചെലവ് തുക സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ പൂർണ്ണമായി ഉൾപ്പെട്ടിട്ടില്ല.

13. 2021-22 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP-37) ഷെഡ്യൂൾ പ്രകാരം തൻവർഷത്തെ വസ്തു നികുതി ഇനത്തിലെ കളക്ഷൻ 12137021/- രൂപയും വസ്തു നികുതി അരിയർ ഇനത്തിലെ കളക്ഷൻ 23284051/- രൂപയുമാണ്. എന്നാൽ 2021-22 വർഷത്തെ സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷത്തെ വസ്തു നികുതി ഇനത്തിലെ കളക്ഷൻ 7191234/- രൂപയും വസ്തു നികുതി അരിയർ ഇനത്തിലെ കളക്ഷൻ 21967901/- രൂപയുമാണ്. ഇവ തമ്മിൽ ഇത് പൊരുത്തപ്പെടുന്നില്ല.

14. 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിൽ 38737574/- രൂപ കുടിശ്ശികയുണ്ട്. 2021-22 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-37 പ്രകാരം Recievables For Property Tax (Arrear) ഇനത്തിൽ 23284051/- രൂപയാണ് കളക്ഷൻ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 2021-22 ബാലൻസ് ഷീറ്റ് B-15 പ്രകാരം വസ്തു നികുതി അരിയർ ഇനത്തിൽ 14281558/- രൂപയാണ് പിരിച്ചെടുക്കാനുള്ളത്. വസ്തു നികുതി കുടിശ്ശിക കണക്കിലെ അപാകത വിശദീകരിക്കേണ്ടതാണ്.

15. വികസന ഫണ്ട് (ജനറൽ) ഇനത്തിലെ ചെലവ് തുക വാർഷിക ധനകാര്യ പത്രികയിലെയും സുലേഖ ചെലവ് പത്രികയിലെയും താഴെപ്പറയുന്ന പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക കണക്ക് (RP-6) പ്രകാരം | സുലേഖ ചെലവ് പത്രിക പ്രകാരം |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 22261391 | 25967724 |

ഈ വ്യത്യാസം ജി.ഒ പദ്ധതികളുടെ ചെലവിന്റേതാണോയെന്ന് വ്യക്തമല്ല.

16. വാർഷികകണക്ക് ഷെഡ്യൂൾ ബി-4 പ്രകാരം 17047504/- രൂപ വിവിധോദ്ദേശ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. എന്നാൽ അവ എന്ന്, ഏതിനത്തിൽ ലഭിച്ചുവെന്നും ഓരോയിനത്തിലും എത്ര തുകയുണ്ടെന്നും എത് അക്കൌണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുന്ന എ.സി.ആർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഗ്രാന്റുകളുടെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

17. RP4 പ്രകാരമുള്ള വരവുകളുടെ കൃത്യത പരിശോധിക്കുന്നതിനായി ഇവയുടെ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

18. ICICI ബാങ്കിലെ CFC Grant PFMS A/c No. 1829 സ്റ്റേറ്റ്മെന്റ് പ്രകാരം 31/03/22 ലെ ബാലൻസ് 9640513/- രൂപയാണ്. എന്നാൽ ഇതിലെ റീകൺസിലിയേഷനിലെ ക്ലോസിഗ് ബാലൻസ് ബാങ്ക് ബുക്ക് പ്രകാരം 8110029/- രൂപയാണ്. വാർഷിക കണക്കിൽ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക RP40(b) പ്രകാരം 7902179/- രൂപയാണ്. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

19. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി അക്കൗണ്ട് ചെയ്ത് സൂക്ഷിക്കുന്നില്ല.

20. ക്യാഷ് ബുക്ക് ഓഡിറ്റ് പിരീഡ് വരെയും പ്രിന്റ് എടുക്കുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

21. എല്ലാ ദിവസങ്ങളിലെയും ഡേ ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. കൂടാതെ മുനിസിപ്പാലിറ്റിയിൽ അക്കൗണ്ടന്റല്ല ഡേ ബുക്ക് സൂക്ഷിക്കുന്നത്. ഇത് സൂക്ഷിക്കുന്നത് ഫ്രണ്ട് ഓഫീസ് ചുമതലയുള്ള ക്ലാർക്കാണ്. ചുവടെ കൊടുത്ത തീയതികളിലെ സാക്ഷ്യപ്പെടുത്തിയ ഡേ ബുക്കുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| മാസം | തീയതി |
|---|---|
| ഏപ്രിൽ 2021 | 6, 24 |
| മെയ് 2021 | 6, 10, 11, 12, 14, 17, 18, 19, 22, 29 |

| | |
|---|---|
| ജൂൺ 2021 | 5, 19, 22, 26 |
| ജൂലൈ 2021 | 3, 17, 19, 24, 28 |
| ആഗസ്റ്റ് 2021 | 7, 8 |
| സെപ്റ്റംബർ 2021 | 4,6,23,27 |

22. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ സാധൂകരിക്കുന്നതിനാവശ്യമായ രേഖകളോ രജിസ്റ്ററുകളോ പരിശോധനയ്ക്ക് ലഭ്യമാക്കാൻ മുനിസിപ്പാലിറ്റിയ്ക്ക് കഴിഞ്ഞിട്ടില്ല. ഇതിനാൽ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകളുടെ ആധികാരികത ഉറപ്പാക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. (വിശദവിവരം ഖണ്ഡിക 1-6 -ൽ നൽകിയിട്ടുണ്ട്.)

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ആയത് സാധൂകരിക്കുന്നതിനുള്ള രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,88,14,595 |
| ഓഡിറ്റ് വർഷത്തെ വരവ് | 20,09,79,060 |
| ആകെ | 22,97,93,655 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 19,53,72,879 |
| നീക്കിയിരിപ്പ് | 3,44,20,776 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 22277667 | 22277667 | 22261391 | 16276 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 20993000 | 20993000 | 20982196 | 10804 |
| വികസന ഫണ്ട് ടി.എസ്.പി (ACR പ്രകാരം) | 0 | 4928000 | 4928000 | 1145694 | 3782306 |
| മെയിന്റനൻസ്, റോഡ് | 0 | 30380000 | 30380000 | 13806517 | 16573483 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 7482724 | 7482724 | 5015710 | 2467014 |
| CFC ബാങ്ക് മുഖേന (Untied) | 0 | 10285402 | 10285402 | 7584807 | 2700595 |
| CFC – Tied ബാങ്ക് മുഖേന | 0 | 15266000 | 15266000 | 10104416 | 5161584 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ട്രഷറി മുഖേന) | 0 | 3069780 | 3069780 | ---- | 3069780 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 4112786 | 4112786 | 1500000 | 2612786 |

CFC – Untied (PFMS) നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് B-17 ലെ ഇതിനായുള്ള ബാങ്ക് A/C -ലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ മുക്കം നഗരസഭയുടെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി), മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്), മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്), ധനകാര്യക്കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ | ഐ.കെ.എം. ചെലവ് പത്രികയിലെ |
|---|---|---|

| | തുക | തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 183714213 | 33290223 |
| വികസനഫണ്ട് (എസ്.സി.പി) | 194279425 | 25297385 |
| വികസനഫണ്ട് (ടി.എസ്.പി) | 8210905 | 4610905 |
| ധനകാര്യക്കമ്മീഷൻ ഗ്രാന്റ് | 129396923 | 27120208 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 23861000 | 21961000 |
| മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 11279011 | 7522011 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദ വിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയവ | ഭാഗികമായി നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പദ്ധതി ചെലവിന്റെ കളുടെ ശതമാനം |
|---|---|---|---|---|---|---|
| 454 | 172 | 105 | 177 | 278654771 | 116645964 | 41.86% |

ഡി.പി.സി. അഗീകാരം ലഭിച്ച 454 പ്രോജക്ടുകളിൽ 172 എണ്ണം മുഴുവനായും 105 എണ്ണം ഭാഗികമായും നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 27,86,54,771/- രൂപ വകയിരുത്തിയതിൽ 11,66,45,964/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. അടങ്കൽ തുകയുടെ 41.86% ശതമാനം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

അയ്യങ്കാളി നഗര തൊഴിലുറപ്പ് വരവ് ചെലവ് കണക്കുകൾ സാധൂകരിക്കുന്നതിനാവശ്യമായ രേഖകളോ രജിസ്റ്ററുകളോ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ മുനിസിപ്പാലിറ്റിയ്ക്ക് കഴിഞ്ഞിട്ടില്ല. ആയതിനാൽ താഴെ പട്ടികയിൽ കൊടുത്ത അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകളുടെ ആധികാരികത ഉറപ്പാക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1109056 | 15000000 | 16,109,056 | ഭരണ ചെലവുകൾ | 1103064 | 144716 |
| | | | ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 18906647 | |

## 1-7 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതു മൂലം വലിയ അളവിൽ വരുമാന നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. ഇത് സംബന്ധിച്ച് ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-15 ൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. തൊഴിൽ നികുതി, ഡി. & ഒ. ലൈസൻസ് എന്നീ ഇനങ്ങളിലെ നിലവിലുള്ള തനതു വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിന് നഗരസഭ ശ്രദ്ധ ചെലുത്തുന്നില്ല (ഖണ്ഡിക 1-19 കാണുക).

എല്ലാ ദിവസത്തെയും ഡേ ബുക്കും ക്യാഷ് ബുക്കും പ്രിന്റ് എടുത്ത് സെക്രട്ടറിയും അക്കൗണ്ടന്റും സാക്ഷ്യപ്പെടുത്തേണ്ടതും അക്കൗണ്ടന്റ് ആയത് കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ മുക്കം മുനിസിപ്പാലിറ്റിയിൽ ഓഡിറ്റ് കാലയളവ് വരെ ഒരു ദിവസം പോലും ക്യാഷ് ബുക്ക് പ്രിന്റ് എടുത്തിട്ടില്ല. ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡേ ബുക്കുകളിൽ പല ദിവസങ്ങളിലെയും ഡേ ബുക്കുകൾ ലഭ്യമല്ല. (വിശദമായി വാർഷിക കണക്ക് അപാകതയിൽ ഖണ്ഡിക 1-2-1 ൽ പരാമർശിച്ചിട്ടുണ്ട്). കൂടാതെ ഡേ ബുക്കുകൾ സൂക്ഷിക്കുന്നത് ഫ്രണ്ട് ഓഫീസ് കൈകാര്യം ചെയ്യുന്ന ക്ലാർക്കാണ്. ഇവയിൽ നിന്നൊക്കെ തന്നെ മുനിസിപ്പാലിറ്റിയിൽ അടിസ്ഥാന അക്കൗണ്ടിങ്ങ് നടപടികൾ പാലിക്കുന്നില്ല എന്ന് വ്യക്തമാവുന്നു.

മുനിസിപ്പാലിറ്റിയിലെ വസ്തു നികുതി അസസ്സ് ചെയ്യുന്ന സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിൽ ഗുരുതര അപാകതകൾ നിലനിൽക്കുന്നു. മുനിസിപ്പാലിറ്റിയിലെ വസ്തു നികുതി അസസ്സ്മെന്റിന്റെ പൂർണ്ണ ചുമതല സെക്രട്ടറി സൂപ്രണ്ടിനാണ് നൽകിയിരിക്കുന്നത് (300 $M^2$ വരെ). എന്നാൽ സൂപ്രണ്ട് അപ്രൂവ് ചെയ്യുന്ന ഫയലുകൾ സെക്രട്ടറി കാണുകയോ പരിശോധിക്കുകയോ ചെയ്യാതെ സെക്രട്ടറിയുടെ ലോഗിനിൽ നിന്നും ഡിജിറ്റൽ സൈൻ ചെയ്യുന്നു. ഇത് സംബന്ധിച്ച അപാകതകൾ ഖണ്ഡിക 1-10 ലും 1-14 ലും വിശദമായി പരാമർശിച്ചിട്ടുണ്ട്.

16.1.2016 ലെ എ.ബി.2/703/ത.സ്വ.ഭ.വ/നമ്പർ സർക്കുലർ പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിലേക്കു വാങ്ങുന്ന കമ്പ്യൂട്ടറുകൾ, യു.പി.എസ്, ഫോട്ടോസ്റ്റാറ്റ് മെഷീൻ, പ്രിന്ററുകൾ എന്നിവ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും അവ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കായി ഇപ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഇനങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ചെക്ക്, ഡ്രാഫ്റ്റ് എന്നിവ മുഖേനയുള്ള പണം അക്കൗണ്ടിൽ വരവ് വന്നോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 66,130/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-9 വസ്തു നികുതി കുടിശ്ശിക മുഴുവൻ ഈടാക്കാതെ ഒക്യുപ്പൻസി അനുവദിച്ചു.

ഡോ. മൊയ്തു, മാനേജിംഗ് ട്രസ്റ്റി, കെ.എം.സി.ടി, മണാശ്ശേരി എന്നവരുടെ ഉടമസ്ഥതയിൽ മുനിസിപ്പാലിറ്റിയിലുള്ള ഹോസ്പിറ്റൽ സമുച്ചയത്തിലെ ചുവടെ കൊടുത്ത കെട്ടിടങ്ങൾ അനധികൃത കെട്ടിടങ്ങളായി അനധികൃത കെട്ടിട നികുതി അടവാക്കി വരുന്നവയാണ്. എന്നാൽ ഈ കെട്ടിടങ്ങൾക്ക് ക്രമവൽക്കരണ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ കൊടുത്ത പ്രകാരം മുനിസിപ്പാലിറ്റി എഞ്ചിനീയറിംഗ് വിഭാഗം 27-10-2022 തീയതിയിൽ A4/7308/21 നമ്പറായി ഒക്യുപ്പെൻസി അനുവദിക്കുകയും വസ്തു നികുതി കണക്കാക്കുന്നതിനായി ഫയൽ 27-10-2021 ന് മുനിസിപ്പാലിറ്റി റവന്യൂ വിഭാഗത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ വിവരം | വിസ്തീർണ്ണം (ച. മീറ്ററിൽ) |
|---|---|---|
| 1 | എക്സാമിനേഷൻ ഹാൾ | 5483.11 |
| 2 | അനിമൽ ഹൗസ് | 132.22 |
| 3 | കാന്റീൻ | 297.6 |
| 4 | ബോയ്സ് ഹോസ്റ്റൽ | 343.29 |
| 5 | ആർക്കിടെക്ചറൽ കോളജ് | 1603.32 |
| 6 | ഡെന്റൽ കോളേജ് | 11278.59 |
| 7 | നഴ്സിഗ് കോളജ് & സ്കൂൾ | 5447.07 |
| 8 | ഫാർമസി 1 | 7547.11 |
| 9 | ലേഡീസ് ഹോസ്റ്റൽ-3 | 3410.51 |
| 10 | ലേഡീസ് ഹോസ്റ്റൽ-2 | 3063.11 |
| 11 | ലേഡീസ് ഹോസ്റ്റൽ-1 | 1816.35 |
| 12 | സ്റ്റാഫ് ക്വാട്ടേഴ്സ്-1 | 1582.92 |
| 13 | ആയുർവേദ കോളേജ് | 5262.02 |
| 14 | ഡെന്റൽ കോളേജ് -2 | 4149.64 |
| 15 | മെഡിക്കൽ കോളേജ് | 20957.2 |
| | ആകെ | 72374.06 |

കെട്ടിടങ്ങൾക്ക് ഒക്യൂപ്പെൻസി അനുവദിച്ചത് സംബന്ധിച്ച് ചുവടെ കൊടുത്ത അപാകതകൾക്ക് കാണുന്നു.

1) മേൽ കെട്ടിടങ്ങൾക്ക് ഒക്യുപ്പെൻസി അനുവദിക്കുന്നതിന് മുൻപായി മുനിസിപ്പാലിറ്റിയിൽ അടവാക്കാനുള്ള അനധികൃത കെട്ടിട നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. 27-10-2021 ന് ഒക്യുപ്പെൻസി അനുവദിച്ചതിനാൽ 2021-22 ഒന്നാം അർദ്ധ വർഷം വരെ അനധികൃത കെട്ടിടത്തിന്റെ നികുതി അടവാക്കേണ്ടതായിരുന്നു. എന്നാൽ ഇത് ഈടാക്കാതെയാണ് ഒക്യുപ്പെൻസി അനുവദിച്ചിരിക്കുന്നത്. പട്ടികയിലെ കെട്ടിടങ്ങളുടെ അളവുകൾ പ്രകാരം 72374.06 ച. മീറ്ററുള്ള ഈ കെട്ടിടങ്ങൾക്ക് 20 ലക്ഷം രൂപയിലധികം തുക 2021-22 ഒന്നാം അർദ്ധ വർഷത്തെ അനധികൃത കെട്ടിട നികുതയായി ഈടാക്കാനുണ്ട്. കുടിശ്ശിക അടവാക്കുന്നതിനായി കെട്ടിട ഉടമയ്ക്ക് ഡിമാന്റ് നോട്ടീസ് അയച്ചതായും കാണുന്നില്ല. കുടിശ്ശിക ഈടാക്കാതെ ഒക്യുപ്പെൻസി അനുവദിച്ചതിന് എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ് കൂടാതെ മേൽ കെട്ടിടങ്ങളുടെ കുടിശ്ശിക നികുതി സംബന്ധിച്ച വിശദ വിവരം റവന്യൂ വിഭാഗം ലഭ്യമാക്കേണ്ടതും കുടിശ്ശിക ഈടാക്കേണ്ടതുമാണ്.

2) പട്ടികയിൽ കൊടുത്തിരിക്കുന്ന 15 കെട്ടിടങ്ങൾക്ക് നൽകിയിരിക്കുന്ന അനധികൃത കെട്ടിട നമ്പർ ഏതൊക്കെയെന്ന് ഒക്യുപ്പെൻസി നൽകിയ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് ഉറപ്പുവരുത്തുന്നതിനായി മേൽ കെട്ടിടങ്ങളുടെ സഞ്ചയയിലെ കെട്ടിടത്തിന്റെ അടിസ്ഥാന വിവരങ്ങളടങ്ങുന്ന ഫോറം 6 ലഭ്യമാക്കേണ്ടതും, ഇത് നിലവിൽ ഒക്യുപ്പൻസി നൽകിയ കെട്ടിടങ്ങളുടെത് തന്നെയാണോ എന്ന് ഫീൽഡ് പരിശോധന നടത്തി നിലവിലെ റവന്യൂ ഇൻസ്പെക്ടർ വിശദവിവരം ലഭ്യമാക്കേണ്ടതുമാണ്.

3) എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നും 27-10-2021 ന് ഒക്യുപ്പെൻസി അനുവദിച്ച് അതേ തീയതിയിൽ തന്നെ വസ്തു നികുതി കണക്കാക്കുന്നതിനായി റവന്യൂ ഇൻസ്പെക്ടർക്ക് ഫയൽ കൈമാറിയിട്ടും 2021-22 വർഷ ഓഡിറ്റ് ക്യാമ്പ് തീരുന്ന 07/10/2022 തീയതി വരെയും കെട്ടിടങ്ങൾക്ക് വസ്തു നികുതി കണക്കാക്കി നികുതി ഡിമാന്റ് ചെയ്ത് ഡിമാന്റ് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ഇതിനാൽ ഈ കെട്ടിടത്തിൽ നിന്നും 2021-22 രണ്ടാം അർദ്ധ വർഷം മുതൽ മുനിസിപ്പാലിറ്റിയ്ക്ക് ലഭ്യമാവേണ്ട വസ്തു നികുതി നാളിതുവരെ ഈടാക്കാൻ സാധിച്ചിട്ടില്ല. വാർഷിക വസ്തു നികുതി കണക്കാക്കിയാൽ 40 ലക്ഷം രൂപയിൽ അധികം ഉണ്ടാവുമായിരുന്ന നികുതിയിൽ 20 ലക്ഷം രൂപയിൽ അധിക തുക 2021-22 രണ്ടാം അർദ്ധ വർഷം സമയബന്ധിതമായി നികുതി നിർണ്ണയിച്ച്, ഡിമാന്റ് നോട്ടീസ് കെട്ടിട ഉടമയ്ക്ക് നൽകിയിരുന്നെങ്കിൽ മുനിസിപ്പാലിറ്റിയ്ക്ക് ലഭ്യമാവുമായിരുന്നു. നിലവിൽ ഈ കെട്ടിത്തിന് നികുതി നിർണ്ണയിക്കുമ്പോൾ ഒക്യുപ്പെൻസി അനുവദിച്ച തീയതി അനുസരിച്ച് 2021-22 രണ്ടാം അർദ്ധ വർഷം മുതൽ മുൻകാല പ്രാബല്യത്തിൽ നികുതി കണക്കാക്കേണ്ടതും നിയമപ്രകാരമുള്ള പിഴ ഈടാക്കേണ്ടതുമാണ്. കെട്ടിടത്തിന്റെ 2021-22 ഒന്നാം ഒന്നാം അർദ്ധവർഷം മുതലുള്ള വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-10 പുതിയ കെട്ടിങ്ങൾക്ക് നമ്പർ നൽകുമ്പോൾ സഞ്ചയയിൽ ഡിജിറ്റൽ സിഗ്നേച്ചർ ചെയ്ത് ഡിമാന്റിൽ കൊണ്ടു വരാതെ ടാക്സ് ഈടാക്കുന്നു.

വസ്തു നികുതി കണക്കാക്കി ന്യൂ ബിൽഡിങ്ങ് നമ്പർ നൽകുമ്പോൾ 300 $M^2$ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നമ്പറിംഗ് ചുമതലയുള്ള സൂപ്രണ്ട് അപ്രൂവ് ചെയ്ത് കഴിഞ്ഞാൽ പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി ഫ്രണ്ട് ഓഫീസിൽ ഔട്ട് ഡോർ റസീറ്റിൽ ഔട്ട് ഡോർ കലക്ഷനായി ഈടാക്കുകയും ഇത് ഔട്ട് ഡോർ കലക്ഷനായി സഞ്ചയയിൽ പാസ്റ്റ് ഡാറ്റാ എൻട്രിയായി പോസ്റ്റ് ചെയ്യുകയും ചെയ്യുന്നു. എന്നാൽ ഇത് തൻ വർഷ ഡിമാന്റിൽ ഉൾപ്പെടണമെങ്കിൽ സഞ്ചയയിൽ ഡിജിറ്റൽ സൈൻ ചെയ്യണം. എന്നാൽ ഇവിടെ ഇപ്രകാരം നികുതി വാങ്ങുന്ന കെട്ടിടങ്ങളുടെ ഡിജിറ്റൽ സൈൻ ചെയ്യാതെ തന്നെ നികുതി ഈടാക്കി വരുന്നു. ഡിജിറ്റൽ സൈൻ ആഴ്ചകൾക്കും മാസങ്ങൾക്കും ശേഷമാണ് ചെയ്യുന്നത്. ഇതിനാൽ സാമ്പത്തിക വർഷാവസാനം നമ്പർ നൽകിയ ന്യൂ ബിൽഡിങ്ങുകളുടെ ഡിജിറ്റൽ സൈൻ ചെയ്തിരിക്കുന്നത് അടുത്ത സാമ്പത്തിക വർഷമാണ് എന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ന്യൂ ബിൽഡിംങ് നം. | രസീറ്റ് ബുക്ക് നം. | രസീത് നം. & തീയതി | ഡിജിറ്റൽ സൈൻ ചെയ്ത തീയതി |
|---|---|---|---|---|
| 1 | 11/106A | 318 | 31714/ 19-3-2021 | 05-05-2021 |
| 2 | 17/3A | 318 | 31728/ 22-03-21 | 03-05-21 |
| 3 | 16/325C | 318 | 31738/ 27-03-21 | 07-10-21 |
| 4 | 10/214A | 318 | 31746/ 26-03-21 | 03-05-21 |
| 5 | 18/223A | 318 | 31747/ 26-03-21 | 03-05-21 |

ഇതിനാൽ വസ്തു നികുതി ഡിമാന്റിൽ ഇല്ലാത്ത തുക വരവായി അക്കൗണ്ടിൽ വരുന്ന സ്ഥിതിയുണ്ടാവുന്നു. ഉത്തരവാദപ്പെട്ടവർ ഇത് പരിശോധിക്കുന്നില്ല.

പുതിയ കെട്ടിട നമ്പർ നൽകുന്ന കെട്ടിടങ്ങൾ സഞ്ചയയിൽ ഡിജിറ്റൽ സൈൻ ചെയ്യാതെ നികുതി ഔട്ട് ഡോർ കലക്ഷനായി ഈടാക്കുന്നതിന് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. യഥാസമയം സഞ്ചയയിൽ ഡിമാന്റ് ഉൾപ്പെടുത്താത്ത നികുതി പിരിക്കുന്ന സാഹചര്യം വിശദീകരിക്കേണ്ടതാണ്.

1-11 ഒക്യുപ്പൻസി നൽകുന്ന തീയതിയിലല്ലാതെ കംപ്ലീഷൻ തീയതിയിൽ വസ്തു നികുതി ഈടാക്കുന്നു.

സർക്കാർ ഉത്തരവ് നം. RC2/100/2020 ത.സ്വ.ഭ.വ, തീ. 03/05/2020 പ്രകാരം അപാകതയില്ലാത്ത അപേക്ഷകളിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതായി പരിശോധനാ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം ഒക്യുപ്പെൻസി നൽകേണ്ടതും ഒക്യുപ്പെൻസി നൽകുന്ന തീയതി മുതൽക്ക് മാത്രമേ വസ്തു നികുതി ഈടാക്കാവൂ എന്നും പറയുന്നു. എന്നാൽ സർക്കാർ ഉത്തരവ് ഇറങ്ങി ഒന്നര വർഷത്തോളമായിട്ടും മുക്കം മുനിസിപ്പാലിറ്റിയിലെ വസ്തു നികുതി കണക്കാക്കി ഈടാക്കി വരുന്നത് കെട്ടിട ഉടമ നൽകുന്ന കംപ്ലീഷൻ തീയതി അടിസ്ഥാനമാക്കിയാണ്. കെട്ടിട ഉടമ നമ്പറിംഗ് അപേക്ഷ സമർപ്പിച്ച് ഒക്യുപ്പൻസി ലഭ്യമാവാൻ കാലതാമസമുണ്ടാവുന്ന ഫയലുകളിൽ ഇതിനാൽ കെട്ടിട ഉടമ അധിക നികുതി അടക്കേണ്ടതായ സാഹചര്യം ഓഡിറ്റ് പിരീഡ് വരെയും ഉണ്ടായിട്ടുണ്ട്. അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം ഒക്യുപ്പെൻസി നൽകേണ്ടതാണ് എന്ന് ചട്ടത്തിൽ പറയുന്നുണ്ടെങ്കിലും മിക്ക അപേക്ഷകളിലും ഒക്യുപ്പെൻസി സമയബന്ധിതമായി നൽകാൻ മുനിസിപ്പാലിറ്റിയ്ക്ക് സാധിച്ചിട്ടില്ല.

കൂടാതെ 2011 ലെ കേരള മുനിസിപ്പാലിറ്റി ( വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയായത് ഒരു അർദ്ധ വർഷത്തിന്റെ ഒടുവിലത്തെ രണ്ട് മാസങ്ങൾക്കുള്ളിൽപ്പെടുകയാണെങ്കിൽ കെട്ടിട ഉടമയ്ക്ക് ആ അർദ്ധ വർഷത്തെ നികുതി ഇളവ് കിട്ടുവാൻ അവകാശമുണ്ടായിരിക്കുന്നതാണ് എന്ന് പറയുന്നു. എന്നാൽ ഈ ഇളവ് ഓഡിറ്റ് കാലയളവ് വരെയും വസ്തു നികുതി നിർണ്ണയിച്ച ഒരു കെട്ടിടത്തിനും നൽകിയിട്ടില്ല.

അപാകതയ്ക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. മേൽ സർക്കാർ ഉത്തരവ് പ്രകാരം സമയപരിധിക്കകം ഒക്യുപെൻസി നൽകാനുള്ള നടപടികളുണ്ടാക്കേണ്ടതും, ഉദ്യോഗസ്ഥരുടെ വീഴ്ചമൂലം ഒക്യുപെൻസി വൈകുന്ന കാലയളവിലെ നികുതി നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിജപ്പെടുത്തേണ്ടതുമാണ്. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും നഗരസഭയിലെടുത്ത നടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

1-12 മാൾ ഗണത്തിലെ കെട്ടിടത്തിന് ഷോപ്പ് ഗണത്തിൽ വസ്തുനികുതി ഈടാക്കി - നികുതിയിനത്തിൽ നഷ്ടം

ശ്രീ.മുഹമ്മദ് ലെയ്സ്.ടി.കെ, തെയ്യത്തും കടവത്ത് വീട് എന്നവരുടെ ഉടമസ്ഥതയിലുള്ളതും 5471 ച. മീറ്റർ വിസ്തീർണ്ണവുമുള്ളതുമായ 'മുക്കം മാൾ' എന്ന ഷോപ്പിംഗ് മാൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന് 1/1222 A മുതൽ Z വരെയും, 1/1222 A1 മുതൽ A29 വരെയും കെട്ടിട നമ്പർ നൽകി 1/04/2021 മുതൽ വസ്തു നികുതി ഈടാക്കി വരുന്നുണ്ട്. എന്നാൽ വസ്തു നികുതി കണക്കാക്കിയതുമായി ബന്ധപ്പെട്ട കംപ്ലീഷൻ ഫയൽ പരിശോധിച്ചപ്പോൾ കെട്ടിടത്തിന് വസ്തു നികുതി കണക്കാക്കിയതിൽ ചുവടെ കൊടുത്ത പ്രകാരമുള്ള അപാകതകളുള്ളതായി കാണുന്നു.

1) മുനിസിപ്പാലിറ്റിയിൽ 200 ച. മീറ്ററിന് മുകളിലുള്ള ഷോപ്പിംഗ് മാളുകൾക്ക് ചതുരശ്ര മീറ്ററിന് 100/- രൂപയാണ് വസ്തു നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ മേൽ മാൾ കെട്ടിടത്തിലെ 14/1222 J, 14/1222 M, 14/1222 X, 14/1222 A22 (ഇവയുടെ ആകെ വിസ്തീർണ്ണം – 1757.72M2) എന്നീ നമ്പറുകൾ ഒഴികെയുള്ള ബാക്കി കെട്ടിട നമ്പറുകൾ ഉൾപ്പെടുന്ന 3713.98 ച. മീറ്റർ ഭാഗത്തിന് 100 ച. മീറ്ററിൽ കൂടുതലുള്ള വാണിജ്യകെട്ടിടമായി കണക്കാക്കി ച.മീറ്ററിന് 85/- രൂപ നിരക്കിലാണ് നികുതി ഈടാക്കിയിരിക്കുന്നത്.

2) നിലവിൽ മാൾ കെട്ടിടം സെൻട്രലൈസ്ഡ് എ. സി യായി പ്രവർത്തിക്കുന്നതായിട്ടും ഇതിന് ഫോറം 6 പ്രകാരം നികുതി കണക്കാക്കിയപ്പോൾ എ. സി യുള്ള കെട്ടിടത്തിന് പരിഗണിക്കേണ്ട അടിസ്ഥാന വസ്തു നികുതിയുടെ വർദ്ധനവ് പരിഗണിച്ചിട്ടില്ല.

3) കൂടാതെ കെട്ടിടത്തിന്റെ തറ മേൽത്തരം തറയാണ്. എന്നാൽ മേൽത്തരം തറ നിർമ്മിതിയുടെ വസ്തു നികുതി വർദ്ധന 15% നികുതി നിർണ്ണയത്തിൽ വരുത്തിയിട്ടില്ല. 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം, ചാപ്റ്റർ 2(21) പ്രകാരം ഒക്യുപെൻസി നൽകി രണ്ട് വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് പറയുന്നുണ്ട്.

ഇവിടെ വസ്തു നികുതി കണക്കാക്കിയതിലെ മേൽ അപാകതകൾ മൂലം മുനിസിപ്പാലിറ്റിയ്ക്ക് വലിയ തുക നഷ്ടപ്പെടാനിടയാക്കിയിട്ടുണ്ട്. ഫീൽഡ് പരിശോധന നടത്തി മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കേണ്ടതും നികുതി പരിഷ്കരിച്ച് നഷ്ടം കണക്കാക്കി കുടിശ്ശിക ഈടാക്കേണ്ടതും വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-13 വസ്തു നികുതി കണക്കാക്കിയതിൽ അപാകത - മുനിസിപ്പാലിറ്റിയ്ക്ക് നികുതി നഷ്ടം

വസ്തു നികുതി കണക്കാക്കുന്നതിനായി സഞ്ചയയിൽ അടിസ്ഥാന വിവരങ്ങൾ നൽകിയതിലെ അപാകത മൂലം ചുവടെ കൊടുത്ത കെട്ടിടത്തിന്റെ വസ്തു നികുതിയിൽ കുറവ് വന്നിട്ടുണ്ട്.

കെട്ടിട നമ്പർ 1/215 A, B എന്നീ കെട്ടിട നമ്പർ നൽകിയ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചപ്പോൾ കെട്ടിടം 5 മീറ്ററിൽ അധികമുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ളതാണ്

എന്ന് വ്യക്തമാണ്. എന്നാൽ സഞ്ചയയിൽ കെട്ടിടം 5 മീറ്ററിൽ താഴെയുള്ള റോഡുള്ള കെട്ടിടം എന്ന് തെറ്റായാണ് കൊടുത്തിരിക്കുന്നത്. റവന്യൂ ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തി നൽകിയ ഫോറം നം. 6 ലും ഇത് 5 മീറ്ററിൽ താഴെയുള്ള റോഡുള്ള കെട്ടിടം എന്ന് തെറ്റായാണ് കൊടുത്തിരിക്കുന്നത്. ഇതിനാൽ വഴിയടിസ്ഥാനത്തിലുള്ള 20% നികുതി വർദ്ധന ഈ കെട്ടിടത്തിന് വരുത്തിയിട്ടില്ല.

നികുതി കണക്കാക്കിയതിലെ അപാകത പരിഹരിക്കേണ്ടതും ഉണ്ടായ നികുതി നഷ്ടം ഈടാക്കി വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-14 സഞ്ചയ സോഫ്റ്റ് വെയർ അപാകതകൾ - ഒരു അവലോകനം

മുനിസിപ്പാലിറ്റിയിൽ ഉപയോഗിച്ചുവരുന്ന സോഫ്റ്റ്‌വെയറുകളിൽ നാളിതുവരെ ഓഡിറ്റിന് ലോഗിൻ ലഭ്യമാക്കാത്തതിനാൽ സോഫ്റ്റ്‌വെയറുകളിലെ അപാകതകൾ വിശദമായി പരിശോധിക്കുന്നതിന് ഓഡിറ്റിന് പരിമിതികളുണ്ട്. എന്നിരുന്നാലും മുനിസിപ്പാലിറ്റിയിലെ വസ്തു നികുതി അസസ്സ് ചെയ്യുന്നത് സംബന്ധിച്ച് ഫയലുകളുടെ പരിശോധന നടത്തിയതിലും സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ മുനിസിപ്പാലിറ്റിയിൽ വച്ച് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും ഇത് അക്കൗണ്ട്സുമായി ഒത്തു നോക്കി പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിലും ഓഡിറ്റിന് ബോധ്യപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകതകളും സുരക്ഷാ പിഴവുകളും ചുവടെ കൊടുക്കുന്നു.

1) മുനിസിപ്പാലിറ്റിയിൽ ന്യൂ ബിൽഡിങ്ങുകളുടെ വസ്തു നികുതി അസസ്സ്മെന്റിന് ചുമതലപ്പെട്ട സൂപ്രണ്ട് സഞ്ചയയിൽ ന്യൂ ബിൽഡിംഗ് അസസ്സ്മെന്റ് അപ്രൂവ് ചെയ്യുകയും സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്യുകയും ചെയ്യുന്നതോടെയാണ് പ്രസ്തുത കെട്ടിടം സഞ്ചയ പ്രകാരമുള്ള വസ്തു നികുതി ഡിമാന്റിൽ വരുന്നത്. ഇപ്രകാരം ഡിമാന്റിൽ വരുന്ന കെട്ടിടത്തിന്റെ നികുതി മാത്രമാണ് ഫ്രണ്ട് ഓഫീസിൽ സാംഖ്യ സോഫ്റ്റ്‌വെയറിലൂടെ ഈടാക്കാൻ സാധിക്കുന്നത്. സാംഖ്യ - സഞ്ചയ ഇന്റഗ്രേഷൻ ചെയ്തതിനാൽ ഇപ്രകാരം ഈടാക്കുന്ന വസ്തു നികുതി ഈടാക്കിയതായി ഓട്ടോമാറ്റിക്കായി സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെടുകയും ചെയ്യുന്നു. എന്നാൽ മുക്കം മുനിസിപ്പാലിറ്റിയിൽ സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്യുന്നതിന് മുമ്പ് തന്നെ ന്യൂ ബിൽഡിങ്ങുകളുടെ വസ്തു നികുതി ഔട്ട് ഡോർ രസീറ്റ് ബുക്കിൽ ഔട്ട് ഡോർ രസീറ്റായി ഈടാക്കുകയും ഇത് ഡിജിറ്റൽ സൈൻ ചെയ്യാതെ തന്നെ പാസ്റ്റ് ഡാറ്റയായി സഞ്ചയയിൽ നികുതി ഈടാക്കിയതിന്റെ ഔട്ട് ഡോർ രസീറ്റ് വിവരങ്ങൾ പോസ്റ്റ് ചെയ്യുകയും ചെയ്യുന്നു. ഡിജിറ്റൽ സൈൻ ആഴ്ചകൾക്ക് ശേഷമോ ചില അവസരങ്ങളിൽ മാസങ്ങൾക്ക് ശേഷമോ ആണ് ചെയ്യുന്നത്. അതായത് സഞ്ചയ പ്രകാരം ഡിമാന്റ് ജനറേറ്റ് ചെയ്യപ്പെടാത്ത കെട്ടിടത്തിന്റെ വസ്തു നികുതി, ഈടാക്കിയതായി സഞ്ചയയിൽ തന്നെ പാസ്റ്റ് ഡാറ്റയായി പോസ്റ്റ് ചെയ്യാൻ സാധിക്കുന്നു. മുനിസിപ്പാലിറ്റിയിലെ റവന്യൂ വിഭാഗത്തിന്റെ ലോഗിനിൽ സെക്ഷന്റെ സാന്നിധ്യത്തിൽ പരിശോധന നടത്തിയതിൽ നിന്നും, ഒരു പുതിയ കെട്ടിടത്തിന്റെ ബേസ് ഡാറ്റ സഞ്ചയയിൽ സെക്ഷൻ ക്ലാർക്ക്

എൻട്രി ചെയ്ത് അപ്രൂവ് ചെയ്യാനായി സബ്മിറ്റ് ചെയ്യുന്നതിന് മുൻമ്പ് തന്നെ ഈ കെട്ടിടത്തിന്റെ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ പാസ്റ്റ് ഡാറ്റയായി പോസ്റ്റ് ചെയ്യാൻ സാധിക്കുന്നതായി കണ്ടു. ഇത് ഡിമാന്റില്ലാതെ നികുതി ഈടാക്കുന്നതിനും സഞ്ചയ – സാംഖ്യ തമ്മിലെ വരവ് തുകകളുടെ വ്യത്യാസത്തിനും ഇടയാക്കുന്നതിന് പുറമെ ഡിജിറ്റൽ സൈൻ ചെയ്ത് ഡിമാന്റിൽ വരാത്തവ, പിന്നീട് ഡിജിറ്റൽ സൈൻ ചെയ്യാൻ വിട്ടു പോവുന്നവ, എന്നീ സാധ്യതകൾ ഉണ്ടാവാനുള്ള അവസരം നിലനിൽക്കുന്നു. കൂടാതെ സാമ്പത്തിക വർഷാവസാനങ്ങളിൽ നികുതി നിർണ്ണയിക്കുന്ന പുതിയ കെട്ടിടങ്ങളുടെ മിക്ക ഫയലുകളും ഡിജിറ്റൽ സൈൻ ചെയ്യുന്നത് അടുത്ത സാമ്പത്തിക വർഷമാണ് എന്നും കാണുന്നു. ഇതിനാൽ തൻവർഷം യഥാർത്ഥത്തിൽ ഈടാക്കുന്ന നികുതി തുക ആ സാമ്പത്തിക വർഷം ഡിമാന്റ് ഇല്ലാതെയാണ് തൻവർഷ വരവായി അക്കൗണ്ടിൽ വന്നിരിക്കുന്നത്.

2) മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ ഓഫീസ് ഉത്തരവ് എ3/7997/17 തീ. 19-07-2021 തീരുമാനം നം. 4 പ്രകാരം 300 ച. മീറ്റർ വരെയുള്ള കെട്ടിടങ്ങളുടെ അംഗീകാരം നൽകുന്നതിനുള്ള ചുമതല സൂപ്രണ്ടിന് നൽകിയിട്ടുള്ളതാണ്. എന്നാൽ സഞ്ചയയിൽ ഇതിനുള്ള ക്രമീകരണങ്ങൾ നാളിതുവരെ വരുത്തിയിട്ടില്ല. അതായത് 300 $M^2$ വരെയുള്ള ന്യൂ ബിൽഡിങ്ങുകൾ പരിശോധന നടത്തി റവന്യൂ ഇൻസ്പെക്ടർ നൽകുന്ന ഫോം – 6 പ്രകാരം സെക്ഷൻ ക്ലാർക്ക് വസ്തു നികുതി അടിസ്ഥാന വിവരങ്ങൾ സഞ്ചയയിൽ എൻട്രി ചെയ്യുകയും ഇത് സൂപ്രണ്ടിന് അപ്രൂവലിനായി സഞ്ചയയിൽ സബ്മിറ്റ് ചെയ്യുകയും ചെയ്യുന്നു. ഇത് സൂപ്രണ്ടിന്റെ ലോഗിനിൽ വരികയും സൂപ്രണ്ട് ഇത് അപ്രൂവ് ചെയ്യുകയും ഇപ്രകാരം അപ്രൂവ് ചെയ്ത വസ്തു നികുതി ഫ്രണ്ട് ഓഫീസിൽ സാംഖ്യയിലൂടെയല്ലാതെ ഔട്ട് ഡോർ രസീറ്റായി വാങ്ങുകയും ചെയ്യുന്നു. എന്നാൽ ഇപ്രകാരം സൂപ്രണ്ട് അപ്രൂവ് ചെയ്യുന്ന കെട്ടിടങ്ങൾ സഞ്ചയയിലെ ഡിമാന്റ് രജിസ്റ്ററിൽ വരുന്നില്ല. ഈ കെട്ടിടങ്ങൾക്ക് സഞ്ചയയിൽ ഡിമാന്റ് ജനറേറ്റ് ചെയ്യണമെങ്കിൽ ഇത് ഡിജിറ്റൽ സൈൻ ചെയ്യണം. എന്നാൽ സഞ്ചയയിൽ ഡിജിറ്റൽ സൈൻ ചെയ്യുന്നതിനുള്ള ഡെലിഗേഷൻ ഓപ്ഷൻ സെക്രട്ടറിയ്ക്കു മാത്രമാണുള്ളത്. അതിനാൽ സൂപ്രണ്ട് അപ്രൂവ് ചെയ്ത ന്യൂ ബിൽഡിങ്ങുകൾ സഞ്ചയയിൽ ഡിജിറ്റൽ സൈൻ ചെയ്ത് ഡിമാന്റിൽ കൊണ്ടുവരുന്നത് സെക്രട്ടറിയുടെ ലോഗിനിലാണ്. പക്ഷെ സെക്രട്ടറി ഇപ്രകാരം സഞ്ചയയിൽ അപ്രൂവ് ചെയ്യുന്ന ഒരു ഫയലും യഥാർത്ഥത്തിൽ സെക്രട്ടറി കാണുകയോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. അതായത് സെക്രട്ടറി അസസ്സ്മെന്റ് ഫയലുകൾ കാണാതെയും പരിശോധിക്കാതെയും അസസ്സ്മെന്റ് ചെയ്ത് ഉത്തരവാദിയാവുന്ന ഗുരുതര സാഹചര്യം ഓഡിറ്റ് പിരീഡിലും തുടർന്ന് വരുന്നു. ഇത് പരിഹരിക്കുന്നതിനായി സൂപ്രണ്ടിന് സഞ്ചയയിൽ 300$m^2$ വരെയുള്ള കെട്ടിടങ്ങളുടെ നമ്പറിംഗ് ഡിജിറ്റൽ സൈൻ ചെയ്യുന്നതിനുള്ള പ്രൊവിഷൻ ഏർപ്പെടുത്തി പരിഹരിക്കാവുന്നതാണ്.

3) വസ്തു നികുതി പരിഷ്കരണത്തിന് മുമ്പുള്ളതും എ.ആർ.വി പ്രകാരമുള്ളതുമായ എല്ലാ ഡിമാന്റുകളും ബേസ്

ഡാറ്റയായി സഞ്ചയയിൽ എൻടി ചെയ്യേണ്ടതും ഇതിന്റെ ഡിമാന്റ് വിവരങ്ങൾ വാർഡ് തിരിച്ച് ലഭ്യമാവേണ്ടതുമാണ്. എന്നാൽ എ.ആർ.വി പ്രകാരമുള്ള ഡിമാന്റിന്റെ ബേസ് ഡാറ്റ സഞ്ചയയിൽ ലഭ്യമാവുന്നില്ല.

4) വസ്തു നികുതി നിർണ്ണയ ചട്ട പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്ന / സമീപമുള്ള റോഡിന്റെ വീതി 5 മീറ്ററിൽ അധികരിക്കുന്നതിനനുസരിച്ച് നികുതിയിനത്തിൽ 20% വർദ്ധന വരുത്തേണ്ടതാണ്. കെട്ടിടത്തിലേക്കുള്ള റോഡിന്റെ വിവരം സഞ്ചയയിലെ അടിസ്ഥാന വിവരങ്ങൾ നൽകുന്നതോടൊപ്പം നൽകേണ്ടതാണ്. എന്നാൽ സഞ്ചയയിൽ മുനിസിപ്പാലിറ്റിയിലെ റോഡ് മാസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ഓഡിറ്റ് പിരീഡ് വരെയും ഉൾപ്പെടുത്തിയിട്ടില്ല. ഇതിനാൽ കെട്ടിടത്തിന് ആക്സസ് ഉള്ളത് ഏത് റോഡിൽ നിന്നാണ് എന്ന് മാന്വലായി ചേർക്കുകയാണ് നിലവിൽ ചെയ്തുവരുന്നത്. ഇത് വസ്തു നികുതി അസസ്സ്മെന്റിൽ കൃത്യത കുറവുണ്ടാവാൻ കാരണമാവുകയും നികുതി നഷ്ടം ഉണ്ടാക്കുകയും ചെയ്യുന്നു. (ഉദാ-പാര-1-13)

5) മുനിസിപ്പാലിറ്റി വസ്തു നികുതി ചട്ട പ്രകാരം 250 ച. മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി കണക്കാക്കുമ്പോൾ മേൽത്തരം തറയുള്ളവയ്ക്ക് അടിസ്ഥാന വസ്തു നികുതിയിൽ 15% വർദ്ധന വരുത്തേണ്ടതാണ്. എന്നാൽ കെട്ടിട ഉടമയുടെ ആവശ്യാർത്ഥം 250 ച. മീറ്ററിന് മുകളിലുള്ള വലിയ കെട്ടിടങ്ങൾക്ക് വസ്തു നികുതി കണക്കാക്കുമ്പോൾ കെട്ടിടത്തിലെ മുറികൾക്കോ ഭാഗത്തിനോ 250 $M^2$ ൽ താഴെ വിസ്തീർണ്ണമുള്ള മുറികളായി പ്രത്യേകമായി കെട്ടിട നമ്പർ ഇട്ടു നൽകുകയും നികുതി ഈടാക്കി വരികയും ചെയ്തുവരുന്നു. ഇപ്രകാരം നികുതി കണക്കാക്കുമ്പോൾ കെട്ടിടത്തിന്റെ തറ മേൽത്തരം തറയായിരുന്നാൽ പോലും 250 $M^2$ ൽ താഴെ കെട്ടിടത്തിന്റെ വിസ്തീർണ്ണം വന്നാൽ 15 % നികുതി വർദ്ധന സഞ്ചയയിലെ നികുതി കാൽക്കുലേഷനിൽ വരുന്നില്ല. ഇത് വലിയ കെട്ടിടങ്ങൾക്ക് വലിയ തോതിൽ നികുതി ഇളവ് ലഭിക്കുന്നതിന് കാരണമാവുന്നു. (ഉദാ- പാര 1-12).

ഇതിനാൽ തറ നിരപ്പിന്റെ നികുതി വർദ്ധന കെട്ടിടത്തെ ഉപയോഗക്രമത്തിനനുസരിച്ച് മുഴുവനായി കണ്ട് വരത്തക്ക വിധം മാറ്റം വരുത്തേണ്ടതാണ്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിനായി ഐ.കെ.എം ന് അടിയന്തിര നിർദ്ദേശം നൽകേണ്ടതും അപാകത പരിഹരിക്കേണ്ടതും വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-15 മുനിസിപ്പാലിറ്റി വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല

മുക്കം മുനിസിപ്പാലിറ്റിയിലെ വസ്തു നികുതി പിരിവുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയതിൽ നിന്നും വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ മുനിസിപ്പാലിറ്റിയിക്ക് ഗുരുതരമായ കൃത്യവിലോപം സംഭവിച്ചതായി കാണുന്നു.

മുനിസിപ്പാലിറ്റി ഓഡിറ്റിന് ലഭ്യമാക്കിയ ഓഡിറ്റ് കാലയളവ് ഉൾപ്പെടുന്ന അവസാന രണ്ട് വർഷങ്ങളിലെ സഞ്ചയയിലെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരവും വാർഷിക കണക്ക് പ്രകാരവുമുള്ള വസ്തുനികുതി ഡിമാന്റ് കലക്ഷൻ ബാലൻസ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

എ) വാർഷിക കണക്ക് പ്രകാരം

| വർഷം | ഡിമാന്റ് | | കലക്ഷൻ | | ബാലൻസ് | | ആകെ കുടിശ്ശിക | പിരിവ് % |
|---|---|---|---|---|---|---|---|---|
| | കറന്റ് | അരിയർ | കറന്റ് | അരിയർ | കറന്റ് | അരിയർ | | |
| 2020-21 | 26673533 | 30865016 | 14239393 | 8801404 | 12758366 | 25979208 | 38737574 | 40.03% |
| 2021-22 | 28777095 | 38737574 | 12137021 | 23284051 | 17093644 | 14281558 | 31375202 | 52.46% |

ബി) ലഭ്യമാക്കിയ സഞ്ചയ ഡി .സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം

| വർഷം | ഡിമാന്റ് | | കലക്ഷൻ | | ബാലൻസ് | | ആകെ കുടിശ്ശിക | പിരിവ് % |
|---|---|---|---|---|---|---|---|---|
| | കറന്റ് | അരിയർ | കറന്റ് | അരിയർ | കറന്റ് | അരിയർ | | |
| 2020-21 | 20955787 | 28793886 | 10959819 | 7030568 | 10142264 | 21916925 | 32059189 | 36% |
| 2021-22 | 29570771 | 37294707 | 11671616 | 22817114 | 17963476 | 14601923 | 32565399 | 51.57% |

സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റിലെയും വാർഷിക കണക്കിലെയും ഡിമാന്റ് കലക്ഷൻ ബാലൻസുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്നും പട്ടികയിൽ നിന്നും വ്യക്തമാണ്. ഇത് സംബന്ധിച്ച അപാകത ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് പരിശോധന നടത്തേണ്ടതും ആയത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നിരുന്നാലും മേൽ കൊടുത്ത രണ്ട് പട്ടികകളിൽ നിന്നും അവസാന രണ്ട് സാമ്പത്തിക വർഷങ്ങളിലായി പിരിച്ചെടുക്കാനുള്ള വസ്തു നികുതി കുടിശ്ശിക എന്നത് ഓരോ വർഷവും മൂന്ന് കോടി രൂപയിൽ അധികം തുകയാണ് എന്ന് കാണാവുന്നതാണ്. ആകെ പിരിച്ചെടുക്കാനുള്ള നികുതിയുടെ 53 ശതമാനത്തിൽ താഴെയാണ് പിരിച്ചെടുത്തിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറി 03/21-22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം, നിലവിൽ സഞ്ചയയിൽ ആകെ 33 വാർഡുകളിലായി നമ്പർ നൽകിയ 19,920 കെട്ടിടങ്ങളാണുള്ളത്. മുക്കം മുനിസിപ്പാലിറ്റിയിൽ വസ്തു നികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത് 01-10-2015 മുതലാണ്. എന്നാൽ ഓഡിറ്റ് പിരീഡ് വരെയും നികുതി പരിഷ്കരണ നടപടികൾ മുനിസിപ്പാലിറ്റിയിൽ പൂർത്തിയായിട്ടില്ല. വസ്തു നികുതി പരിഷ്കരണത്തിന് മുൻപുള്ള മുഴുവൻ ഡിമാന്റ് വിവരങ്ങളും വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി സഞ്ചയയിൽ ബേസ് ഡാറ്റയായി എൻട്രി ചെയ്യേണ്ടതാണ്. എന്നാൽ ഇപ്രകാരം ആകെ എത്ര ഡിമാന്റുകളുടെ ബേസ് ഡാറ്റ സഞ്ചയയിൽ എൻട്രി ചെയ്തു എന്നതിന്റെ കണക്ക് സഞ്ചയയിൽ നിന്ന്

ലഭ്യമാവുന്നില്ല. കൂടാതെ മുനിസിപ്പാലിറ്റിയിൽ നിലവിലുള്ളത് എ.ആർ.വി പ്രകാരമുള്ള അസസ്സ്മെന്റ് രജിസ്റ്ററാണ്. പുതിയ ഡിമാന്റുകൾക്ക് പുതിയ ഡിമാന്റ് നമ്പറിട്ടു കൊണ്ട് ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇതിനാൽ ഓഡിറ്റ് വകുപ്പിനോ മുനിസിപ്പാലിറ്റിയ്ക്ക് തന്നെയോ മുനിസിപ്പാലിറ്റിയുടെ വസ്തു നികുതി ഡിമാന്റിന്റെ കൃത്യത പരിശോധിക്കുന്നതിനായി സാധിക്കാത്ത സ്ഥിതി വിശേഷമാണുള്ളത്.

വസ്തു നികുതി പിരിവ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടി പ്രകാരം ഓഡിറ്റ് പിരീഡ് വരെയും ജീവനക്കാർക്ക് ആർക്കും തന്നെ നികുതി പിരിവിന്റെ ചുമതലയോ പിരിവിന്റെ സൂപ്പർവിഷൻ ചുമതലയോ നൽകി ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെന്ന് വ്യക്തമാകുന്നു. ഇത് കൂടാതെ മുനിസിപ്പാലിറ്റിയിൽ നാളിതുവരെ വിശദമായ ജോലി വിഭജനരേഖ സെക്ഷൻ തിരിച്ച് തയ്യാറാക്കിയിട്ടുപോലുമില്ല. വസ്തു നികുതി ഇനത്തിൽ വർഷങ്ങളായി മൂന്ന് കോടിയിൽപ്പരം രൂപ പിരിച്ചെടുക്കാത്ത നികുതി കുടിശ്ശികയായി ഉള്ളപ്പോൾ ആകെയുള്ള 33 ഡിവിഷനുകളിൽ 2021-22 വർഷം ഒരു ഡിവിഷനിൽ ആകെ ഒരു ദിവസം മാത്രമാണ് നികതി പിരിവ് ക്യാമ്പ് കലക്ഷൻ നടത്തിയിട്ടുള്ളത്. ഇതിനായി ആകെ ഉപയോഗിച്ചിരിക്കുന്നത് 25 ഔട്ട് ഡോർ രസീതു ബുക്കുകൾ മാത്രമാണ്. നികുതി പിരിവിനായി ആകെ അഞ്ചൂറോളം ഡിമാന്റ് നോട്ടീസുകൾ പോസ്റ്റലായി അയച്ചിട്ടുണ്ട് എന്നാണ് റവന്യൂ വിഭാഗം അറിയിച്ചിട്ടുള്ളത്. ഇതിന്റെ കൃത്യമായ കണക്ക് നഗരസഭ ലഭ്യമാക്കിയിട്ടില്ല. ഡിമാന്റ് നോട്ടീസ് വിതരണത്തിനായി കുടുംബശ്രീ പ്രവർത്തകരെ ഉപയോഗപ്പെടുത്തിയിട്ടില്ല. നഗരസഭയിൽ വേണ്ടത്ര ജീവനക്കാർ ഇല്ലാത്തതിനാലും നിലവിലുള്ള എൽ. ഡി ക്ലാർക്കുമാർ ഓഫീസിൽ സെക്ഷനുകൾ കൈകാര്യം ചെയ്യുന്നതിനാലും ഫീൽഡ് തലത്തിൽ നികുതിപിരിവ് നടത്തുന്നില്ല എന്നാണ് മുനിസിപ്പാലിറ്റി അറിയിച്ചിട്ടുള്ളത്.

മേൽ വസ്തുതകളിൽ നിന്നു തന്നെ വസ്തു നികുതി പിരിച്ചെടുക്കുന്നതിനായി വളരെ നിരുത്തരവാദപരമായ നിലപാടാണ് മുനിസിപ്പാലിറ്റിയ്ക്കുള്ളത് എന്ന് വ്യക്തമാണ്. ഇത് പരിശോധിക്കുന്നതിന് ചുമതലപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ക്രിയാത്മകമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഭരണ സമിതി നികുതി പിരിവ് പുരോഗതി വിലയിരുത്തി പിരിവ് കാര്യക്ഷമമാക്കുന്നതിന് വേണ്ടത്ര പ്രാധാന്യം നൽകിയിട്ടില്ല.

വാർഷിക ബജറ്റ് തയ്യാറാക്കുമ്പോഴും പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോഴും തനത് ഫണ്ടിനത്തിൽ വലിയ തുക വകയിരുത്തുന്നുണ്ട്. എന്നാൽ യഥാർത്ഥ വരവ് തുകയുമായി പൊരുത്തപ്പെടാത്ത രീതിയിലാണ് തനത് ഫണ്ട് ബജറ്റിലും പദ്ധതിയിനത്തിലും വകയിരുത്തുന്നത്. തനത് ഫണ്ടിന്റെ യഥാർത്ഥ വരവിലും യഥാർത്ഥ നീക്കിയിരുപ്പിലും വളരെ അധികരിച്ച തുക പദ്ധതിയ്ക്കായി വകയിരുത്തിയതിനാൽ അവ നടപ്പിലാക്കാൻ ഫണ്ട് ഇല്ലാത്ത സ്ഥിതി വിശേഷമുണ്ടാവുകയും ചെയ്യുന്നു. ഇത് സംബന്ധിച്ച വിശദ വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| 2021-22 വാർഷിക കണക്ക് പ്രകാരം യഥാർത്ഥ ത്തിൽ പ്രധാന തനത് ഫണ്ട് ഹെഡുകളിൽ വരവ് | 2020-21 വാർഷിക കണ ക്കിലെ B-17 പ്രകാരം തനത് ഫണ്ട് ബാങ്ക് അക്കൗണ്ടു കളിലെ നീക്കി യിരിപ്പ് തുക (ഇതിൽ ബാധ്യത തുക ഉൾപ്പട്ടി ട്ടുണ്ടേ എന്ന് വ്യക്തമല്ല) | തനത് ഫണ്ട് ആകെ | 2021-22 യഥാർത്ഥ ബജറ്റ് പ്രകാരം പ്രധാന തനത് ഫണ്ട് ഹെഡു കളിൽ വരവായി കാണിച്ചി രിക്കുന്ന തുക | 2021-22 വാർഷിക പദ്ധതി യിൽ വകയി രുത്തിയ തനത് ഫണ്ട് ആകെ തുക | 2021-22 വാർ ഷിക പദ്ധ തിയിൽ ചെല വഴിച്ച തനത് ഫണ്ട് ആകെ തുക | ചെലവ് ശത മാനം |
|---|---|---|---|---|---|---|
| 4,43,93,107 | 7,951,772 | 5,23,44,879 | 10,17,32,100 | 87996526 | 25055288 | 28.47% |

മേൽ പട്ടികയിലെ കണക്കുകളിൽ നിന്നും തനത് ഫണ്ട് ഇനത്തിലെ യഥാർത്ഥ വരവും ബജറ്റ് പ്രകാരമുള്ള വരവും പദ്ധതിയ്ക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയും തമ്മിലുള്ള വ്യത്യാസം വ്യക്തമാണ്. ആകെ തനത് ഫണ്ട് വകയിരുത്തിയതിൽ 28.47% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതായത് യഥാർത്ഥത്തിലും വലിയ തുക തനത് വരവായി ബജറ്റിൽ കാണിക്കുകയും ഇത് പ്രകാരം വലിയ തുകയ്ക്കുള്ള പദ്ധതി രൂപീകരിക്കുകയും എന്നാൽ യഥാർത്ഥ വരവ്, യഥാർത്ഥ ഡിമാന്റിന്റെ പകുതി തുക മാത്രമാകുമ്പോൾ ചെയ്യുമ്പോൾ പദ്ധതി ചെലവ് കുറയ്ക്കേണ്ടതായും വരുന്നു. ഇതിനാൽ 2021-22 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ തനത് ഫണ്ട് വകയിരുത്തിയ തുകയിൽ ആകെ 28.47% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 2021-22 വർഷംതനതു ഫണ്ടുപയോഗിച്ച് ആകെ 252 പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതിൽ 130 പദ്ധതികളിൽ ഒരു രൂപ പോലും ചെലവഴിയ്ക്കാൻ സാധിച്ചിട്ടില്ല. വാർഷിക പദ്ധതിയ്ക്കായി ആകെ വകയിരുത്തിയത് 27.86 കോടി രൂപയാണ്. ഇതിൽ 8.79 കോടി രൂപ വകയിരുത്തിയിരിക്കുന്നത് തനത് ഫണ്ടിലാണ്. അതായത് ആകെ പദ്ധതി ചെലവിന്റെ 31% ത്തിൽ അധികം തുക തനത് ഫണ്ടാണ് വകയിരുത്തിയത്. ഈ വകയിരുത്തിയ 8.79 കോടിയിൽ മൂന്നിലൊന്ന് തുകയിലും കുറവ് തുകയായ 2.5 കോടിയോളം രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതായത് 6 കോടിയിൽപ്പരം രൂപ തനത് ഫണ്ടിനത്തിൽ വകയിരുത്തിയത് ചെലവഴിക്കാൻ കഴിയാതെ പോയി.

ഇത് സേവനമേഖലയിലും നഗരസഭിലെ ജനവിഭാഗത്തിനും നഗര സഭയ്ക്കും ഉപകാരപ്രദമായ ആത്യന്തികമായി പശ്ചാത്തല മേഖലയിലും ഉല്പാദനമേഖലയിലും വികസന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയാതെ നഷ്ടപ്പെടുന്ന സാഹചര്യമാണ് ഉണ്ടാക്കിയിട്ടുള്ളത്.

ഇതിനാൽ വസ്തു നികുതി പിരിവ് ഉൾപ്പടെയുള്ള നികുതികളുടെ പിരിവ് വളരെ പ്രാധാന്യത്തോടെ കാണേണ്ടതും പിരിവ് ചുമതല വിശദമായ ജോലി വിഭജന രേഖയിലൂടെ ജീവനക്കാർക്ക് വീതിച്ചു നൽകേണ്ടതും ഇതിന്റെ മേൽനോട്ടത്തിന് റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട് എന്നിവരെ ചുമതലപ്പെടുത്തേണ്ടതുമാണ്. കൃത്യമായ ഇടവേളകളിൽ നികുതി പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും പ്രാധാന്യത്തോടെ വിലയിരുത്തേണ്ടതാണ്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ഡിമാന്റ് നോട്ടീസുകൾ വിതരണം നടത്തുന്നതിന് കുടുംബശ്രീ പ്രവർത്തകരെ ഉപയോഗപ്പെടുത്താവുന്നതും പത്ര മാധ്യമങ്ങളിലൂടെയും മൈക്ക് അനൗൺസ്മെന്റിലൂടെയും പ്രചാരണം നടത്താവുന്നതുമാണ്. കൂടാതെ ഓൺലൈൻ ടാക്സ് അടവാക്കുന്നതിനായി പൊതുജനങ്ങളിൽ അവബോധം വരുത്തുന്നതിന് വാർഡ് തലത്തിൽ പ്രചാരണം നടത്താവുന്നതുമാണ്.

പരാമർശിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഇവ പരിഹരിക്കാനായി സ്വീകരിച്ച നടപടികളുടെയും തീരുമാനങ്ങളുടെയും വിശദ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

### 1-16 നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ വാടകക്ക് നൽകുന്നതിലും ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിലും ഗുരുതരമായ വീഴ്ച

1. വാടക കരാർ ചമയ്ക്കുന്നതിന് ബൈലോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ വാടകക്ക് നൽകുന്നതിലും/വാടക കരാർ ചമയ്ക്കുന്നതിനും അടിസ്ഥാനപരമായി വേണ്ട ബൈലോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 1994 ലെ കേരള മുൻസിലിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 567 പ്രകാരം ബൈലോകളുണ്ടാക്കാൻ അതാതു കൗൺസിലുകൾക്ക് അധികാരമുണ്ട്. സ്ഥാപനങ്ങളിലെ ബൈലോകൾ പ്രകാരമാണ് വർഷാവർഷം വാടക കരാർ പുതുക്കുന്നതും, വർദ്ധനവ് വരുത്തുന്നതും. നഗരസഭ ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങുകയോ ആയതിന്റെ അടിസ്ഥാനത്തിൽ വാടകക്കാരുമായി കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല.

കേരള മുനിസിപ്പാലിറ്റി സെക്ഷൻ 572(1) പ്രകാരം ബൈലോ സർക്കാർ അംഗീകാരം നൽകി സ്ഥിരീകരിക്കുന്നത് വരെ ബൈലോയ്ക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല. ഇതിനാൽ തന്നെ ബൈലോയ്ക്ക് അംഗീകാരമില്ലാതെ വാടകക്കാരുമായി കരാറിലേർപ്പെടുമ്പോൾ അതിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്ന സാഹചര്യത്തിൽ പിഴ ഈടാക്കുന്നതിനോ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനോ കഴിയാതെ

വരുന്നു.

2. വാടക ഡെപ്പോസിറ്റ് സംബന്ധിച്ച് കൃത്യമായ കണക്കുകളില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള, നിലവിൽ വാടകയ്ക്ക് നൽകിയിരിക്കുന്ന മുറികളുടെ വാടകക്കാരുടെ ഡെപ്പോസിറ്റ് തുക എത്ര എന്ന് സൂചിപ്പിക്കുന്ന വാടകക്കരാറോ, ഈടാക്കിയ ഡെപ്പോസിറ്റ് എത്രയെന്നോ, കുടിശ്ശിക എത്ര പേരിൽ നിന്നും ഈടാക്കുവാനുണ്ട് എന്നതിനെ സംബന്ധിച്ചോ ആധികാരികമായ യാതൊരു രേഖയും മുനിസിപ്പാലിറ്റി ഹാജരാക്കിയിട്ടില്ല.

2021-22 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ വാടക സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്ന ശീർഷകത്തിൽ 2,71,744/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധയ്ക്ക് ഹാജരാക്കാത്തതിനാൽ സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

വാടക രജിസ്റ്റർ പരിശോധിച്ചതിൽ മുറിയുടെ ഡെപ്പോസിറ്റ് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 21/2021-22 (തിയതി. 07.10.2022) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3. വാടക രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങളുടെ 2021-22 വർഷത്തെ വാടക രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. വാടക സംബന്ധിച്ച് വാർഷിക കണക്കിലെ തുകയും വാടക രജിസ്റ്റർ പ്രകാരമുള്ള ഡി.സി.ബി. യിൽ നൽകിയ തുകയും പൊരുത്തപ്പെടുന്നില്ല. വാർഷിക സംക്ഷിപ്തം തയ്യാറാക്കാത്തതിനാൽ കുടിശ്ശിക വരവ് നീക്കിയിരിപ്പ് കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ മേൽ അപാകതകൾ സംബന്ധിച്ച് വിശദമായി പരാമർശിച്ചിട്ടും നാളിതുവരെ അപാകതകൾ പരിഹരിച്ചിട്ടില്ല. ഈ വിഷയത്തിലെടുത്ത നടപടികൾ സംബന്ധിച്ച വിവരവും, ഡെപ്പോസിറ്റ് സംബന്ധിച്ച കൃത്യമായ കണക്കും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-17 ശിശുദിന സ്റ്റാമ്പ് 2020-21 വിതരണം ചെയ്ത തുക കേരള സംസ്ഥാന ശിശു ക്ഷേമ സമിതിയുടെ അക്കൗണ്ടിൽ അടവാക്കിയില്ല.

കേരള സംസ്ഥാന ശിശു ക്ഷേമ സമിതിയുടെ പ്രവർത്തനത്തിനാവശ്യമായ തുക മുഴുവനും കണ്ടെത്തുന്നത് സർക്കാരിന്റെ അനുവാദത്തോടെ അച്ചടിച്ച് പുറത്തിറക്കുന്ന ശിശുദിന സ്റ്റാമ്പ് വിതരണം വഴിയാണ്. കേരള സംസ്ഥാന ശിശു ക്ഷേമ സമിതിയുടെ 01/07/2021 ലെ സി.ഡി.എസ്/2020-21/കേ. സം. ശി. ക്ഷേ. സ. നമ്പർ ഉത്തരവ് പ്രകാരം 15 രൂപയുടെ 2,500 സ്റ്റാമ്പ് വിതരണത്തിനായി നഗരസഭയെ

ഏൽപ്പിച്ചിട്ടുണ്ട്. സ്റ്റാമ്പ് വിതരണം നടത്തി തുക സമാഹരിക്കുന്നതിനായി താഴെ പറയുന്ന ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

| നമ്പർ | പേര് | തസ്തിക | എണ്ണം | തുക |
|---|---|---|---|---|
| 1 | പ്രസൂണൻ. ഒ | സൂപ്രണ്ട് | 625 | 9375 |
| 2 | അജിത്ത്. ടി | ഹെൽത്ത് ഇൻസ്പെക്ടർ | 625 | 9375 |
| 3 | കൃഷ്ണൻകുട്ടി | മുനിസിപ്പൽ എഞ്ചിനിയർ | 625 | 9375 |
| 4 | പി. സുരേഷ് ബാബു | റവന്യൂ ഇൻസ്പെക്ടർ | 625 | 9375 |
| ആകെ | | | 2,500 | 37,500 |

വിതരണത്തിനായി ഏൽപ്പിച്ച 2,500 സ്റ്റാമ്പുകളിൽ 1,875 സ്റ്റാമ്പ് മാത്രമേ ജീവനക്കാർക്ക് വിതരണം ചെയ്തിട്ടുള്ളൂ. 625 സ്റ്റാമ്പ് വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു. സ്റ്റാമ്പ് വിതരണം നടത്തി പിരിച്ചെടുത്ത 9,375 രൂപ 03/08/2021 ന് മുനിസിപ്പാലിറ്റിയിൽ ഏൽപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ശിശു ക്ഷേമ സമിതിയുടെ അക്കൗണ്ടിൽ അടവാക്കിയിട്ടില്ല. 1,250 സ്റ്റാമ്പ് വിതരണം നടത്തിയിട്ടുണ്ടോ, വിതരണം നടത്തിയിട്ടുണ്ടെങ്കിൽ പിരിച്ചെടുത്ത തുക മുനിസിപ്പാലിറ്റിയിൽ അടവാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 04/2021-22 ന് മറുപടിയായി 310 സ്റ്റാമ്പ് കൂടി വിതരണം നടത്തി പിരിച്ചെടുത്ത തുകയും ചേർത്ത് 14,025 രൂപ 06/10/2022 ന് നഗരസഭയുടെ ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ടെന്നും (റസീപ്റ്റ് നമ്പർ 122031100147, 122031100148 തിയതി 06/10/2022) ടി തുക ശിശു ക്ഷേമ സമിതിയുടെ അക്കൗണ്ടിൽ അടവാക്കാൻ നടപടി സ്വീകരിച്ച് വരുന്നുണ്ടെന്നും അറിയിച്ചു. പിരിച്ചെടുത്ത 14025 രൂപ മുനിസിപ്പാലിറ്റി ഫണ്ടിൽ അടവാക്കാതെ കൈവശം സൂക്ഷിച്ചത് കൃത്യമായ ക്രമക്കേടാണ്. എൻക്വയറി നൽകിയതിന് ശേഷമാണ് തുക അടവാക്കിയത്. 940 സ്റ്റാമ്പ് വിതരണം നടത്തിയിട്ടുണ്ടോ, മേൽ ജീവനക്കാർ സ്റ്റാമ്പ് വിതരണം നടത്താതെ കൈവശം സൂക്ഷിച്ചിരിക്കുകയാണോ എന്നത് വ്യക്തമല്ല. സമയബന്ധിതമായി പിരിച്ചെടുത്ത തുക ശിശു ക്ഷേമ സമിതിയുടെ അക്കൗണ്ടിൽ അടവാക്കാത്തതിനാൽ നാളിതുവരെ സമിതിയുടെ പ്രവർത്തനത്തിന് ഉപകരിച്ചിട്ടില്ല.

സ്റ്റാമ്പ് വിതരണം വഴി പിരിച്ചെടുത്ത തുക അടിയന്തിരായി ശിശു ക്ഷേമ സമിതിയുടെ അക്കൗണ്ടിൽ

അടവാക്കേണ്ടതും വിതരണം ചെയ്യാത്ത സ്റ്റാമ്പുകൾ വിതരണം ചെയ്യേണ്ടതും മറ്റ് അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

1-18 2021-22 സാമ്പത്തിക വർഷത്തെ രസീത് പരിശോധനയിൽ കണ്ട അപാകതകൾ

1. 2021-22 സാമ്പത്തിക വർഷത്തെ രസീത് വരവ് പരിശോധിച്ചതിൽ രസീത് പുസ്തകം നമ്പർ 333 പ്രകാരമുള്ള രസീത് നമ്പർ 33201 (24/09/2022) മുതൽ 33279 (10/11/2022) വരെയുള്ള രശീതികൾ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല, രസീത് പ്രകാരം പിരിച്ചെടുത്ത തുക മുനിസിപ്പാലിറ്റി ഫണ്ടിൽ അടവാക്കിയതിന്റെ രേഖകൾ, കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ആയത് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസിയർക്ക് വിതരണം ചെയ്തതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/21-22 തീയതി.7/10/22) മറുപടി ലഭ്യമാക്കിയിട്ടില്ല. രസീത് ബുക്ക് നം.33201 മുതൽ 33279 വരെയുള്ള രസീതുകളുടെ പകർപ്പ് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. അസ്സൽ രസീതുകൾ കേസിന്റെ ആവശ്യർത്ഥം വക്കീലിന് നൽകി എന്ന് വാക്കാൽ അറിയിച്ചതല്ലാതെ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

രസീത് പുസ്തകം നമ്പർ 333, കളക്ഷൻ രജിസ്റ്റർ, പിരിച്ചെടുത്ത തുക മുനിസിപ്പാലിറ്റി ഫണ്ടിൽ അടവാക്കിയതിന്റെ രേഖകൾ, കേസിന്റെ ആവശ്യാർത്ഥം വക്കീലിന് നൽകിയതിന്റെ രേഖകൾ എന്നിവ അടിയന്തരമായി പരിശോധയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. 2021-22 സാമ്പത്തിക വർഷത്തെ രസീത് വരവ് പരിശോധിച്ചതിൽ 10/02/2022 തിയതിയിൽ 346/34503 നമ്പർ രസീത് പ്രകാരം 944/- രൂപ പിരിച്ചെടുത്തതായി കാണുന്നു. എന്നാൽ ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത 45/- രൂപ മുനിസിപ്പാലിറ്റി ഫണ്ടിൽ അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ 03-10-2022 ന് രസീറ്റ് നം. 122030105805 പ്രകാരം പ്രസ്തുത തുക മുനിസിപ്പാലിറ്റി ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പിരിച്ചെടുത്ത തുക യഥാസമയം നഗരസഭ ഫണ്ടിൽ അടവാക്കുന്നുവെന്ന് മേലുദ്യോഗസ്ഥർ പരിശോധിച്ചുറപ്പ വരുത്തേണ്ടതാണ്. കേസിനാസ്പദമായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

1-19 മുഴുവൻ സ്ഥാപനങ്ങളെയും വ്യക്തികളെയും മുനിസിപ്പാലിറ്റി ലൈസൻസ് / തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരുന്നതിൽ വീഴ്ച

മുനിസിപ്പാലിറ്റി പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിയിൽ നിന്നും ഒഴിഞ്ഞു പോകാതിരിക്കുന്നതിനായി മുൻ വർഷ

ഓഡിറ്റ് റിപ്പോർട്ടുകളിൽ വിശദമായി പരാമർശിച്ചിട്ടും ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ മുനിസിപ്പാലിറ്റിയ്ക്ക് വീഴ്ച സംഭവിച്ചതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

മുനിസിപ്പാലിറ്റിയിൽ ഡിവിഷൻ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് ഓഡിറ്റ് പിരീഡ് വരെയും തയ്യാറാക്കിയിട്ടില്ല. സഞ്ചയ പ്രകാരം മുനിസിപ്പാലിറ്റിയിൽ 6500 ൽ അധികം വാണിജ്യ വ്യവസായ കെട്ടിടങ്ങളുണ്ട് എന്നും ഇതിൽ 110 കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട് എന്നും ഓഡിറ്റ് എൻക്വയറി 3/21-22 ന് മറുപടിയായി മുനിസിപ്പാലിറ്റി അറിയിച്ചിട്ടുണ്ട്. അതായത് 6000 ത്തിൽ അധികം വാണിജ്യ വ്യവസായ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നതായി കണക്കാക്കാവുന്നതാണ്. എന്നാൽ 2021-22 ൽ 1422 കെട്ടിടങ്ങളിലായി 1307 ലൈസൻസുകൾ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. അതായത് 4000 ത്തിൽ അധികം വാണിജ്യ വ്യവസായ കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം നിലനിൽക്കുന്നു. അനുവദിച്ചിരിക്കുന്ന ആകെ ലൈസൻസുകളിൽ 978 സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് ട്രേഡേഴ്സ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. ട്രേഡേഴ്സ് ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കുകയോ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുകയോ ചെയ്യാത്തതിനാൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ഇതിൽ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നതിനായി മുൻകൂർ ആയി ലൈസൻസ് ഫീസ് ഒടുക്കിയിട്ടില്ല. വാടക വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ മുഴുവൻ തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവന്നിട്ടില്ല. നഗരസഭ ലൈസൻസ് നൽകിയ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിൽ നഗരസഭയ്ക്ക് വീഴ്ച സംഭവിച്ചു. കൂടാതെ നഗരസഭയിൽ ബിൽഡിംഗ് പ്ലാനുകൾ സൂപ്പർവിഷൻ നടത്തിയ എൽ.ബി.എസ്സുമാർ, മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എം.ജി.എൻ ആർ.ഇ.ജി.എ യുടെ പ്രവർത്തികൾക്കായി മെറ്റീരിയൽസ് സപ്ലൈ ചെയ്ത സപ്ലയേഴ്സ്/കരാറുകാർ, റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നീ സ്ഥാപനങ്ങൾ, അതിലെ ജീവനക്കാർ എന്നിവരെ ലൈസൻസ്/തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരുന്നതിൽ നഗരസഭയ്ക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്.

ലൈസൻസ് പരിശോധനാ ചുമതലയുള്ള ഹെൽത്ത് വിഭാഗം മേൽ വിഷയത്തിൽ പ്രത്യേക ശ്രദ്ധ നൽകേണ്ടതും ചുമതലയുള്ള ഡിവിഷനുകളിലെ വാണിജ്യ വ്യവസായ കെട്ടിടങ്ങളുടെ ലിസ്റ്റ് എടുത്ത് കൃത്യമായ ഇടവേളകളിൽ ഫീൽഡ് പരിശോധന നടത്തി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന മുഴുവൻ കെട്ടിടങ്ങളെയും മുനിസിപ്പാലിറ്റി ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതും ഡിവിഷൻ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ഇത് സംബന്ധിച്ച് നികുതി/ഫീസ് പുരോഗതി വിവരം വിശദമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ അടവാക്കാൻ ബാധ്യസ്ഥമായ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും മുഴുവൻ നികുതിയും ഈടാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ മേൽനോട്ടം വഹിക്കേണ്ടതാണ്.

1-20 പൊതുമരാമത്ത് പ്രവർത്തികൾ - നടപ്പിലാക്കുന്നതിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്നതിനായി 329 പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ 145 പ്രവൃത്തികൾ തൻ വർഷം നടപ്പിലാക്കിയിട്ടില്ല. 94101679 രൂപ വകയിരുത്തിയതിൽ 43883683 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (47% മാത്രമാണ് ചെലവ് ഉള്ളത്). വർക്കിങ്ങ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് വീഴ്ചയാണ്. പൊതുമരാമത്ത് പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു

1. തനത് ഫണ്ട് വകയിരുത്തി പദ്ധതി രൂപീകരിക്കുകയും പദ്ധതി പൂർത്തിയാക്കാതിരിക്കുകയും ചെയ്യുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ തനത് ഫണ്ട് വകയിരുത്തി ധാരാളം പ്രവൃത്തികൾ രൂപീകരിക്കുന്നുണ്ട് എന്ന് കാണുന്നു. എന്നാൽ ഈ പ്രവൃത്തികളൊന്നും നടപ്പിലാക്കിയതായി കാണുന്നില്ല. തൻവർഷം 4,95,64,622 രൂപ തനത് ഫണ്ട് വകയിരുത്തിയതിൽ 1,92,42,996 രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. (39 % മാത്രമാണ് ചെലവ് ഉള്ളത്). അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കുന്നതിന് രൂപീകരിച്ചിട്ടുള്ള 329 പ്രവർത്തികളിൽ 194 എണ്ണവും തനത് ഫണ്ട് വകയിരുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ 90 പ്രവൃത്തികളിൽ തൻവർഷം തുക ചെലവഴിച്ചിട്ടില്ല.

2. പ്രവർത്തികൾ പൂർത്തികരിച്ചിട്ടും കരാറുകാർക്ക് തുക അനുവദിക്കുന്നില്ല

ചില പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തിയായിട്ടും തുക ചെലവഴിക്കാത്തതായി കണ്ടു. ഉദാഹരണം –

1) 557/22 പൂളപ്പൊയിൽ ജി.എൽ.പി.സ്കൂൾ പാസ്സേജ് നവീകരണം (4,78,000)

2) 29/22 മൂത്താപ്പമ്മൽ കൊറ്റൻ റോഡ് (1,83,600)

3. പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാത്ത കരാറുകാരിൽ നിന്ന് - പിഴ ഈടാക്കാതെ ബിൽ തുക നൽകുന്നു

ചില പൊതുമരാമത്ത് പ്രവൃത്തി പ്രോജക്ടുകളിൽ കരാറുകാർ കരാർ കാലാവധി കഴിഞ്ഞിട്ടും

പ്രവൃത്തി ആരംഭിക്കാതിരുന്നിട്ടും കരാറുകാർക്കെതിരെ യാതൊരു നടപടിയും എടുത്തിട്ടില്ല. കരാർ പ്രകാരം പ്രവൃത്തി നടത്താതിരുന്ന കരാറുകാരനിൽ നിന്ന് പിഴ ഈടാക്കുകയും ടിയാന്റെ നഷ്ട ഉത്തരവാദിത്ത്വത്തിൽ പ്രവൃത്തി റീ-ടെണ്ടർ ചെയ്ത് നടപ്പിലാക്കുകയും ചെയ്യണമായിരുന്നു. പിഴ ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകുകയാണ് ചെയ്യുന്നത്. കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് | ചെലവ് | കരാറുകാരൻ അഗ്രി. നമ്പർ, തിയ്യതി. എം-ബുക്ക് നമ്പർ | ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീ കരണ കാലയളവ്. സൈറ്റ് കൈമാറിയ തിയ്യതി. പ്രവൃത്തി പൂർത്തി യാക്കിയ തിയ്യതി | ഈടാ ക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | 367/22 ഡിവിഷൻ 9 ലെ വിവിധ പ്രവൃത്തികൾ | 387781 (മെയിന്റ നൻസ് ഗ്രാന്റ് റോഡ്) നം.461947/ 25.03.22) | ശ്രീ. ഷാൻ റസാഖ് 126/20-21 /16.12.20 എം.ബുക്ക്- 25/9821 | 6 മാസം 16-12-20 09-12-21 (15.06.2021 ന് പൂർത്തീകരി ക്കേണ്ട പ്രവൃത്തി 9.12.21നാണ് പൂർത്തീ കരിച്ചത് | പി.എ.സി തുക 460000 രൂപയുടെ (3%) 13800 രൂപ |
| 2 | 376/22 കണ്ണൻ പടിക്കുന്ന് റോഡ് | 223537 (മെയിന്റനൻസ് ഗ്രാന്റ്) | ശ്രീ.ദിൻഷാദ്.എം.കെ 50/20-21/28.07.2021 എം.ബുക്ക് | 6മാസം 28.7.20 04.09.2021 | പി.എ.സി തുക 223000 രൂപയുടെ |

| | | | | | |
|---|---|---|---|---|---|
| | | ബിൽ നം.504490 | 25/897 | | (3%) 6690 രൂപ |
| ആകെ പിഴ | | | | | 20490 |

ഈ പ്രവൃത്തികളിൽ എഗ്രിമെന്റിനോടൊപ്പം പ്രവൃത്തി കലണ്ടർ ഇല്ല. ടിഎസ് സ്ലിപ്പ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധിയിൽ പ്രവർത്തി പൂർത്തിയാക്കിയിട്ടില്ല. 1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഈ പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എ.ഇ മുഖേന അപേക്ഷിച്ചിട്ടില്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്ക ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്ത വണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇത്തരം പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. എന്നാൽ നഗരസഭയിൽ വളരെയധികം കാലം കഴിഞ്ഞാണ് പ്രവൃത്തി ആരംഭിക്കുന്നത്. ഇങ്ങനെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിക്കുന്നില്ല. ഇത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയായിട്ടുണ്ട്.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല, ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ നിയമാനുസൃതം പിഴ ഈടാക്കാതെ ഫൈനൽ ബിൽ തുക അനുവദിക്കുകയും ചെയ്തു. ഈ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

4) പ്രവൃത്തികൾക്ക് വേണ്ടി ചെലവഴിക്കുന്ന തുകകൾ ആസ്തികളുടെ മൂല്യമായി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല. നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തി,

തൻ വർഷം വിവിധ മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി ചെലവഴിച്ചിട്ടുള്ള തുക ആസ്തി മൂല്യമായി

ആസ്തി റജിസ്റ്ററിലേയ്ക്ക് ഉൾപ്പെടുത്തിയിട്ടില്ല. എല്ലാ ആസ്തികളുടെയും, മൂല്യവർദ്ധന ആസ്തി റജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നില്ല. നഗരസഭ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളിൽ ചിലത് നഗരസഭയുടെ ആസ്തിയിൽപ്പെടാത്ത സ്ഥലങ്ങളിൽ നടത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനത്തിന്റെ കീഴിലും നിയന്ത്രണത്തിലുമുള്ള സ്ഥാപനങ്ങളിലും റോഡുകളിലുമാണ് നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ടത്. എന്നാൽ അപ്രകരമല്ലാതെ നടത്തിയിട്ടുള്ള ചില പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | ചെലവ് തുക |
|---|---|
| 496/22 ചെന്നിലേരി കുടിവെള്ള പദ്ധതി | 5,05,709 |
| 305/22 കലങ്ങോട്ട് പാറ കുടിവെള്ള പദ്ധതി | 1,77,765 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5) എം.ബുക്ക് സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

നഗരസഭ വാങ്ങുന്ന അളവ് പുസ്തകങ്ങൾ എഞ്ചീനീയറുടെ ഓഫീസിലേയ്ക്ക് നൽകുന്നുണ്ട്. ഇങ്ങനെ നഗര സഭാ ഓഫീസിൽ നിന്ന് കൈപ്പറ്റുന്ന അളവു പുസ്തകങ്ങൾ എ.ഇ യുടെ ഓഫീസിൽ സ്റ്റോക്കിൽ എടുത്ത് അത് ഓരോന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 189 പ്രകാരം അളവ് പുസ്തകങ്ങൾ വളരെ കൃത്യതയോടെ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രേഖയാണ്. ഇത് വാങ്ങുന്നതിലും സ്റ്റോക്കിൽ എടുത്ത് കൃത്യതയോടെയല്ലാതെ ഇഷ്യൂ ചെയ്യുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറിയായും എക്സിറ്റ് മീറ്റിങ്ങിലും എ.ഇ യുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-21 കുടിവള്ള വിതരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ

പ്രോജക്ട് - 530/20-22

ചെലവ് തുക - 11,18,480 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ നമ്പർ - 22100756/12.11.21

നഗരസഭയിൽ വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി 15.02.2021 ലെ (സാധാ) 446/2021/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവു പ്രകാരം 01.04.21 മുതൽ 16.5.21 വരെ കുടിവെള്ളം വിതരണം ചെയ്തതിന് പണം നൽകുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയത്. വേനൽക്കാലത്ത് കുടിവെള്ള വിതരണം നടത്തുന്നതിന് പദ്ധതി നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നടപടികൾ സംബന്ധിച്ചുള്ള സർക്കാർ നിർദ്ദേശം പൂർണമായി പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് തിരികെ ലഭിയ്ക്കാൻ നടപടി സ്വീകരിച്ചില്ല

വരൾച്ചാ കാലത്ത് കുടിവെള്ള വിതരണം നടത്തുന്നതിന് നഗരസഭ വൻ തുക ചെലവഴിക്കുന്നുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമം 30 (1) ാം വകുപ്പ് ഒന്നാം പട്ടിക പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക എന്നത് നഗരസഭയുടെ അനിവാര്യ ചുമതലയും അതത് മുനിസിപ്പൽ അതിർത്തിയ്ക്കുള്ളിലുള്ള ജലവിതരണ പദ്ധതികൾ പരിപാലിക്കുക, സംവിധാനപ്പെടുത്തുക എന്നത് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. വരൾച്ചാ കാലത്ത് കുടിവെള്ള വിതരണം നടത്തേണ്ടത് നഗരസഭയുടെ ചുമതലയിൽ ഉള്ള കാര്യമല്ല. 23.12.2017 ലെ (സാധാ) 787/2017 /ത.സ്വ.ഭ.വ. നം. ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്തമാണ് ഇത്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം. 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ലാ കളക്ടർമാർക്ക് നൽകി റീക്കുപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി LSGD-FM3/262/2019-LSGD നമ്പർ കത്തിലൂടെ അക്കാര്യം നഗരകാര്യ ഡയറക്ടറെ അറിയിച്ചു.

കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്ന കാരണത്താലാണ് കുടിവെള്ള വിതരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. ചെലവു തുക റീക്കുപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതിനാൽ നഗരസഭയ്ക്ക് ഫണ്ട് നഷ്ടമാകുന്ന അവസ്ഥയുണ്ട്. തുക തിരികെ ലഭിക്കുന്നതിന് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകി തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (15/ 2021 – 22 തിയ്യതി 6.10.22) യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ചെലവഴിച്ച തുക റീ ക്കുപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

2) ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തണമെന്ന നിബന്ധന പൂർണമായി പാലിച്ചില്ല

ജില്ലാ തല റവന്യൂ അധികാരികൾക്ക് കുടിവെള്ള വിതരണം സംബന്ധിച്ച് മോണിറ്ററിങ്ങ് നടത്തുന്നതിന് GPS ട്രാക്കിങ്ങിനുള്ള സംവിധാനം നിർബന്ധമായും തദ്ദേശ മേധാവികൾ ഏർപ്പെടുത്തണം. GPS ലോഗും വാഹന ലോഗും പരിശോധന നടത്തി സുതാര്യത ഉറപ്പുവരുത്തിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനം തുക അനുവദിക്കേണ്ടത്. എന്നാൽ കുടിവെള്ള വിതരണത്തിന് കരാർ ഏറ്റെടുത്ത ശ്രീ.അനീഷ് എം. സി ജലവിതരണത്തിന് ഉപയോഗിച്ച വാഹനങ്ങളിൽ GPS സംവിധാനം ഏർപ്പെടുത്തിയിരുന്നില്ല. കുടിവെള്ളം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ, വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ് എന്നിവ മാത്രം പരിശോധിച്ചാണ് തുക നൽകിയിട്ടുള്ളത്. വാഹനങ്ങളിൽ GPS ഘടിപ്പിച്ച് വാഹന ലോഗും, GPS ലോഗും താരതമ്യം ചെയ്ത് ചെലവ് തുക കണക്കാക്കി പദ്ധതി നിർവ്വഹണം നടത്താത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (15/ 2021 – 22 തിയ്യതി 6.10.22) യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ ക്വട്ടേഷൻ വിളിച്ചത് കിലോമീറ്റർ അടിസ്ഥാനത്തിലല്ല ലിറ്ററിന് 44പൈസ അടിസ്ഥാനത്തിലാണ് എന്ന വിശദീകരണം തൃപ്തികരമല്ല. സർക്കാർ നിർദ്ദേശിച്ചത് പ്രകാരം ജി.പി.എസ് ലോഗും, വാഹനത്തിന്റെ ലോഗും പരിശോധിച്ച് ഏതാണോ കുറവ് അതിൻ പ്രകാരം മാത്രമേ തുക നൽകാൻ പാടുള്ളൂ

4) ആദായ നികുതി ഈടാക്കാതെ കരാറുകാർക്ക് തുകനൽകി

1961 ലെ ആദായ നികുതി നിയമം വകുപ്പ് 194 (സി) പ്രകാരം കരാറുകാരന് നൽകിയ തുകയിൽ നിന്ന് ആദായ നികുതി ഈടാക്കി ബന്ധപ്പട്ട വകുപ്പിൽ അടവാക്കണ്ടത് നഗരസഭയുടെ ഉത്തരവാദിത്ത്വമാണ്. എന്നാൽ വരൾച്ചാ കാലങ്ങളിൽ കുടിവെള്ള വിതരണത്തിനായി 11,18,480 രൂപ ചെലവഴിച്ചപ്പോൾ ആദായനികുതി ടി.ഡി.എസ് ആയി 2% തുക ഈടാക്കിയിട്ടില്ല. ലഭ്യമാക്കിയ മറുപടിയിൽ മറ്റ് നഗരസഭകളിൽ അന്വേഷിച്ചപ്പോൾ കുടിവെള്ള വിതരണമായതിനാൽ ആദായനികുതി ഈടാക്കേണ്ടതില്ല എന്നറിഞ്ഞതിനാലും അറിവില്ലായ്മ മൂലവുമാണ് ഇത് സംഭവിച്ചത് എന്ന വിശദീകരണം തൃപ്തികരമല്ല. കരാറുകാരൻ ആർജിച്ച വരുമാനത്തിലാണ് ടി.ഡി.എസ് ഈടാക്കേണ്ടത്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുകയായ 11,18,480 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-22 ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0462/22 |
| പ്രോജക്ട് | ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |

| | |
|---|---|
| | ഫയൽ നമ്പർ - എ2/882/22 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | വികസന ഫണ്ട് - 6,19,200 രൂപ<br>തനത് ഫണ്ട് - 7,80,800 രൂപ |
| ചെലവഴിച്ച തുക | തനത് ഫണ്ട് - 5,00,000 രൂപ<br>(ചെക്ക് നമ്പർ - 283479 തീയതി 30.3.2022, വൗച്ചർ നമ്പർ - 22101603 ) |

മുക്കം നഗരസഭാ പ്രദേശത്തെ 12, 14, 20, 29, 30, 31, 32, 33 എന്നീ ഡിവിഷനുകളിൽ ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനു വേണ്ടിയാണ് ഈ പ്രോജക്റ്റ്. മേൽ പ്രകാരമുള്ള 8 ഡിവിഷനുകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ 8 Mtr Oct Pole Minimast With 4 Nos. Of 100 W LED Lighting System സ്ഥാപിക്കാനാണ് ഈ പദ്ധതി. കേരള സർക്കാർ സ്ഥാപനമായ കെല്ലിന് (KERALA ELECTRICAL AND ALLIED ENGINEERING COMPANY LIMITED) വർക്ക് ഓർഡർ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 23.3.2022 ലെ 484 നമ്പർ ഇൻവോയ്സ് പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇവ നഗരസഭാ പ്രദേശത്ത് സ്ഥാപിച്ചുവോ എന്നത് സംബന്ധിച്ചും ആയതിന് നിലവിൽ കറന്റ് കണക്ഷൻ ലഭ്യമാക്കി പ്രവർത്തിപ്പിക്കുന്നുണ്ടോ എന്നത് സംബന്ധിച്ചുമുള്ള വിവരം ഫയലിൽ ലഭ്യമല്ല. കൂടാതെ ഈ ലൈറ്റുകൾ സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ യാതൊരു രേഖപ്പെടുത്തലുകളുമില്ല. ഈ ലൈറ്റുകളുടെ സ്ഥാപനം, കറന്റ് കണക്ഷൻ ലഭ്യമാക്കൽ, പ്രവർത്തന വിവരം എന്നിവ ബന്ധപ്പെട്ട ഡിവിഷൻ കൗൺസിലർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 23/2021-22 തീയതി 7.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-23 സെക്യൂരിറ്റി നിക്ഷേപം സ്വീകരിക്കാതെ പൊതുമരാമത്ത് പ്രവർത്തികൾ നടപ്പിലാക്കുന്നു

മുസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തികളുടെ കരാറുകാരിൽ നിന്ന് സെക്യൂരിറ്റി നിക്ഷേപം വാങ്ങുന്നതിലും അത് സൂക്ഷിക്കുന്നതിലും ക്രമക്കേടുകൾ ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ

ചുവടെ ചേർക്കുന്നു.

1) <u>സെക്യൂരിറ്റി നിക്ഷേപം സ്വീകരിക്കാതെ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നു</u>

2021-22 വർഷത്തിൽ നിർവ്വഹണം നടത്തുന്നതിനായി എഞ്ചിനീയർ പുതിയതായി 226 പ്രവൃത്തികളിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 1,00,000 ൽ കൂടുതൽ ഉള്ള കരാർ തുകയുടെ 5% ആണ് സെക്യൂരിറ്റി നിക്ഷേപമായി വാങ്ങേണ്ടത്. കോവിഡ് കാലമായതിനാൽ ജി.ഒ (പി)7/2021/Fin/ 7.1.21 പ്രകാരം 7.1.21 മുതൽ 3% ആണ് ഈടാക്കേണ്ടത്. കരാർ രജിസ്റ്റർ, സുരക്ഷിത നിക്ഷേപങ്ങളുടെ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറിൽ ഏർപ്പെട്ട കോൺട്രാക്ടർമാരിൽ നിന്നും സെക്യൂരിറ്റി നിക്ഷേപം സ്വീകരിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാർ നമ്പർ, തിയ്യതി | കരാർ തുക | കരാറുകാരൻ | സമർപ്പിക്കേണ്ടിയിരുന്ന ജാമ്യ നിക്ഷേപം |
|---|---|---|---|---|
| 1 | 4A/21-22 3.7.21 | 500000 | ശ്രീ.ഷാൻ റസാക്ക് | 15000 |
| 2 | 5/21-22 3.8.21 | 550000 | ശ്രീ.സുനീഷ്.ടി.കെ | 16500 |
| 3 | 6/21-22 3.8.21 | 400000 | ശ്രീ.സുനീഷ്.ടി.കെ | 12000 |
| 4 | 7/21-22 3.8.21 | 500000 | ശ്രീ.സുനീഷ്.ടി.കെ | 15000 |
| 5 | 8/21-22 3.8.21 | 500000 | ശ്രീ.സുനീഷ്.ടി.കെ | 15000 |
| 6 | 9/21-22 3.8.21 | 800000 | ശ്രീ.സുനീഷ്.ടി.കെ | 24000 |
| 7 | 10/21-22 | 600000 | ശ്രീ.സുനീഷ്.ടി.കെ | 18000 |

| | | | | |
|---|---|---|---|---|
| | 3.8.21 | | | |
| 8 | 14/21-22<br>3.8.21 | 500000 | ശ്രീ.ഷാൻ റസാക്ക് | 15000 |
| 9 | 39/21-22<br>25.10.21 | 248700 | ശ്രീ.സുനീഷ്.ടി.കെ | 7461 |
| 10 | 40/21-22<br>25.10.21 | 350000 | ശ്രീ.സുനീഷ്.ടി.കെ | 10500 |
| 11 | 44/21-22<br>25.10.21 | 222184 | ശ്രീ.സുനീഷ്.ടി.കെ | 6666 |
| 12 | 48/21-22<br>25.10.21 | 244200 | ശ്രീ.സുനീഷ്.ടി.കെ | 7326 |
| 13 | 49/21-22<br>25.10.21 | 204250 | ശ്രീ.സുനീഷ്.ടി.കെ | 6127 |
| 14 | 51/21-22<br>25.10.21 | 286300 | ശ്രീ.സുനീഷ്.ടി.കെ | 8589 |
| 15 | 86/21-22<br>9.12.21 | 219600 | ശ്രീ.സുനീഷ്.ടി.കെ | 6588 |
| 16 | 87/21-22<br>9.12.21 | 200000 | ശ്രീ.സുനീഷ്.ടി.കെ | 6000 |
| 17 | 88/21-22<br>9.12.21 | 300000 | ശ്രീ.സുനീഷ്.ടി.കെ | 9000 |
| 18 | 112/21-22<br>6.1.22 | 849550 | ശ്രീ.ദിൽഷാദ്.<br>എം.കെ | 25485 |
| 19 | 122/21-22<br>19.1.22 | 113700 | ശ്രീ.മുഹമ്മദ്<br>ലേയ്സ് | 3411 |
| 20 | 132/21-22 | 200000 | ശ്രീ.സുനീഷ്.ടി.കെ | 6000 |

| | | | | |
|---|---|---|---|---|
| | 2.1.22 | | | |
| 21 | 145/21-22<br>28.1.22 | 400000 | ശ്രീ.ഫിറോസ് ഖാൻ | 12000 |
| 22 | 153/21-22<br>28.1.22 | 100000 | ശ്രീ.സൈനുദ്ദീൻ.ടി | 3000 |
| 23 | 157/21-22<br>28.11.22 | 200000 | ശ്രീ ദിൻഷാദ് | 6000 |
| 24 | 168/21-22<br>3.2.22 | 500000 | ശ്രീ.സുനീഷ്.ടി.കെ | 15000 |
| 25 | 190/21-22<br>7.3.22 | 500000 | ശ്രീ.ദീപേഷ് | 15000 |
| 26 | 196/21-22<br>15.3.22 | 383091 | ശ്രീ.ഫിറോസ് ഖാൻ | 11490 |
| 27 | 209/21-22<br>24.3.22 | 500000 | ശ്രീ.സുനീഷ്.ടി.കെ | 15000 |
| 28 | 210/21-22<br>24.3.22 | 880000 | ശ്രീ.സുനീഷ്.ടി.കെ | 26400 |
| 29 | 220/21-22<br>25.3.22 | 300000 | ശ്രീ.ദിൻഷാദ് | 9000 |
| 30 | 223/21-22<br>31.3.22 | 200000 | ശ്രീ.സുനീഷ്.ടി.കെ | 6000 |
| 31 | 224/21-22<br>31.3.22 | 700000 | ശ്രീ.ഹംസ.പി.ഐ | 21000 |

മേൽ പ്രവൃത്തികളുടെ സെക്യൂരിറ്റി നിക്ഷേപം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരുടെ ഭാഗത്തു നിന്നുണ്ടാകുന്ന വീഴ്ചകൾക്ക് നഷ്ട പരിഹാരം തേടുന്നതിനുള്ള സംവിധാനമാണിത്. ഇക്കാര്യത്തിലുള്ള വീഴ്ചയ്ക്ക് വിശദീകരണം ഹാജരാക്കേണ്ടതാണ്.

2) നിയമസാധുതയില്ലാത്ത സെക്യൂരിറ്റി നിക്ഷേപങ്ങൾ സ്വീകരിക്കുന്നു

ടെണ്ടർ സ്വീകരിക്കപ്പെട്ട കരാറുകാരിൽ നിന്ന് സ്വീകരിക്കുന്ന സെക്യൂരിറ്റി നിക്ഷേപം പ്രവൃത്തി പൂർത്തിയായി അതിന്റെ ഡിഫെക്ട് ലയബിലിറ്റി പിരീഡ് കഴിഞ്ഞ് 28 ദിവസം കൂടി കാലാവധിയുള്ളതായിരിക്കണം. പ്രവൃത്തി നടത്തിപ്പിൽ കരാറുകാരൻ വരുത്തിവയ്ക്കുന്ന കഷ്ട നഷ്ടങ്ങളുണ്ടെങ്കിൽ തുക ഈടാക്കുന്നതിനാണ് സെക്യൂരിറ്റി നിക്ഷേപം സ്വീകരിക്കുന്നത്. നഗരസഭയിലെ സെക്യൂരിറ്റി നിക്ഷേപങ്ങൾ പരിശോധിച്ചതിൽ പല നിക്ഷേപങ്ങളും കാലാവധി കഴിഞ്ഞതാണ്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| കരാർ | കരാറുകാരൻ | റിമാർക്സ് |
|---|---|---|
| 226/21-22/ 31.3.22 | ശ്രീ.സുനീഷ്.ടി.കെ | 14.11.21 ൽ കാലാവധി പൂർത്തിയായ നിക്ഷേപമാണ് സമർപ്പിച്ചിട്ടുള്ളത്. |
| 225/21-22/ 31.3.22 | ശ്രീ.സുനീഷ്.ടി.കെ | 21.4.20 ൽ കാലാവധി പൂർത്തിയായ നിക്ഷേപമാണ് സമർപ്പിച്ചിട്ടുള്ളത്. ഈ നിക്ഷേപം 39/18-19 19.5.18 നമ്പരിലുള്ള കരാർ പ്രകാരമുള്ള 279/18-19 പ്രവൃത്തിയുടെ നിക്ഷേപമായിരുന്നു. |
| 53/21-22/ 25.10.21 | ശ്രീ.സുനീഷ്.ടി.കെ | 21.4.20 ൽ കാലാവധി പൂർത്തിയായ നിക്ഷേപമാണ് സമർപ്പിച്ചിട്ടുള്ളത്. ഈ നിക്ഷേപം 40/18-19 *19.5.18* നമ്പരിലുള്ള കരാർ പ്രകാരമുള്ള 72/18-19 പ്രവൃത്തിയുടെ നിക്ഷേപമായിരുന്നു. |
| 38/21-22/ 25.10.21 | ശ്രീ.സുനീഷ്.ടി.കെ | 23.2.20 ൽ കാലാവധി പൂർത്തിയായ നിക്ഷേപമാണ് സമർപ്പിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| 54/21-22/ 25.10.21 | ശ്രീ.സുനീഷ്.ടി.കെ | 12.4.20 ൽ കാലാവധി പൂർത്തിയായ നിക്ഷേപമാണ് സമർപ്പിച്ചിട്ടുള്ളത്. |

3) സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

വളരെയധികം സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ട ഒരു രേഖയാണ് സുരക്ഷിത നിക്ഷേപം. ഇത് സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് സേഫ് ലോക്കറിൽ സൂക്ഷിക്കേണ്ട വാല്യബിൾ ആണ്. നഗരസഭയിൽ സെക്യൂരിറ്റി നിക്ഷേപമായി സ്വീകരിച്ച രേഖകൾ ഇപ്രകാരം സൂക്ഷിച്ചിട്ടില്ല. വളരെ നിരുത്തരവാദപരമായാണ് സെക്യൂരിറ്റി നിക്ഷേപങ്ങളുടെ ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഇ7/11350/2015/സി.ഇ/ത.സ്വ.ഭ.വ/19.1.2017 പ്രകാരം മരാമത്ത് പ്രവർത്തിയുമായി ബന്ധപ്പെട്ട് സെക്യൂരിറ്റി ഡെപ്പോസിറ്റ് റജിസ്റ്റർ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/ 2021 – 22 തിയ്യതി 7.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-24 മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ

കേരള മുൻസിപ്പാലിറ്റി നിയമം 30 (1) പട്ടിക 1 പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ നഗരസഭയുടെ അനിവാര്യ ചുമതലയാണ്. ഇതിനാവശ്യമായ പദ്ധതികൾ നഗരസഭ നടപ്പിലാക്കി വരുന്നുണ്ട്. ജി.ഒ(പി)10/17/ആ.സാ.വ/19.04.2017 പ്രകാരമുള്ള നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച വികസന മിഷനുകളിൽ ഒന്നായ ഹരിത കേരള മിഷന്റെ ദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വവും

മാലിന്യ സംസ്കരണവും. ജി.ഒ(സാധാ)2420/17/തസ്വഭവ/ 15.07.2017 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കേണ്ടത്. നഗരസഭ നടപ്പിലാക്കുന്ന മാലിന്യ നിർമ്മാജന പദ്ധതികളിൽ അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായുള്ള പദ്ധതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മാലിന്യ നിർമ്മാർജനത്തിനായി വൻ തുക ചെലവഴിക്കുന്നു .

മാലിന്യ നിർമ്മാർജ്ജനത്തിനായി നഗരസഭ വർഷങ്ങളായി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. എന്നാൽ നഗരസഭയ്ക്ക് മാലിന്യം ശേഖരിക്കുന്നതിനോ സംസ്കരിക്കുന്നതിനോ സ്ഥിരമായ ഒരു സംവിധാനം ഒരുക്കാൻ കഴിഞ്ഞിട്ടില്ല എന്നത് വീഴ്ചയാണ്. മേൽ മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റിസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യലും നടത്തുക വഴി 5 വർഷം കൊണ്ട് മാതൃകാപരമായി മാലിന്യമുക്തമാകേണ്ടതുണ്ട്. കൂടാതെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ആവർത്തന ചെലവുകൾ ഏറ്റവും കുറഞ്ഞ തോതിൽ മാത്രമേ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്ന് നടത്താവൂ എന്ന സമീപനവും സ്വീകരിക്കേണ്ടതുണ്ട്. 2018-19 വർഷം മുതൽ 2021-22 വർഷം വരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ പരിശോധിച്ചാൽ ഈ ലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ല എന്ന് വ്യക്തമാകും. മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നില്ല എന്നു മാത്രമല്ല പദ്ധതികൾക്കായി നഗരസഭയ്ക്കുള്ള ചെലവ് വൻതോതിൽ വർദ്ധിച്ചതായും കാണാം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവ് തുക | വർഷത്തിൽ ആകെ ചെലവ് |
|---|---|---|---|---|---|
| 2018-19 | 402/2018-19 ഖരമാലിന്യ സംസ്കരണം | ഹെൽത്ത് ഓഫീസർ | 436566 | 213332 | 313332 |
| | 463/2018-19 ഹരിത സഹായ | ഹെൽത്ത് ഓഫീസർ | 100000 | 100000 | |

| | | | | | |
|---|---|---|---|---|---|
| | സ്ഥാപനത്തിന് തുക നൽകൽ | | | | |
| | 162/2019-20 ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ | ഹെൽത്ത് ഓഫീസർ | 523300 | 309332 | 1651128 |
| | 443/2019-20 ഹരിത കർമസേന | ഹെൽത്ത് ഓഫീസർ | 28207 | 28207 | |
| 2019-20 | 440/2019-20 ഖരമാലിന്യ സംസ്കരണം | ഹെൽത്ത് ഓഫീസർ | 223234 | 0 | |
| | 167/2019-20 ഖരമാലിന്യ പരിപാലനം | ഹെൽത്ത് ഓഫീസർ | 630000 | 0 | |
| | 165/2019-20 ഹരിത കർമസേന | ഹെൽത്ത് ഓഫീസർ | 764775 | 750000 | |
| 2020-21 | 317/2019-20 എം.ആർ.എഫ് കെട്ടിട നിർമ്മാണം | എ. ഇ | 868000 | 563589 | |
| | 494/2020-21 ക്ലീൻ കേരള മിഷന് മാലിന്യം കൊണ്ടു പോകുന്നതിനുള്ള തുക നൽകൽ | ഹെൽത്ത് ഓഫീസർ | 2500000 | 2108621 | 2779899 |

| | | | | | |
|---|---|---|---|---|---|
| | 19/2020-21 ഹരിത സഹായ സ്ഥാപനം | ഹെൽത്ത് ഓഫീസർ | 627960 | 316892 | |
| | 497/2020-21 ഹരിതകർമ സേന വാഹന വാടക | ഹെൽത്ത് ഓഫീസർ | 500000 | 61116 | |
| | 500/2020-21 ഖരമാലിന്യ പരിപാലനം ബെയിലിങ്ങ് മെഷീൻ വാങ്ങൽ | ഹെൽത്ത് ഓഫീസർ | 63000 | 0 | |
| | 433/2020-21 ഹരിത സഹായ സ്ഥാപനം | ഹെൽത്ത് ഓഫീസർ | 42330 | 0 | |
| | 490/2020-21 മിനി എം.സി.എഫ് | ഹെൽത്ത് ഓഫീസർ | 990000 | 0 | |
| | 498/2020-21 MRF ബിൽഡിങ്ങ് തുക നൽകൽ<br>313/2020-21 MRF ബിൽഡിങ്ങ് തുക നൽകൽ | എ. ഇ<br>എ. ഇ | 210000<br>331124 | 208908<br>84362 | |
| | 491/2020-21 ആർ.ആർ.എഫ് | എ. ഇ | 1200000 | 0 | |
| 2021-22 | 528/2021-22 ഹരിത സഹായ | ഹെൽത്ത് ഓഫീസർ | 250000 | 206424 | 4668998 |

| | | | |
|---|---|---|---|
| സ്ഥാപനം | | | |
| 529/2021-22 ഖരമാലിന്യ പരിപാലനം | ഹെൽത്ത് ഓഫീസർ | 2800000 | 1753539 |
| 510/2021-22 ഹരിത കർമ്മസേന | ഹെൽത്ത് ഓഫീസർ | 3381693 | 2709035 |
| 418/2021-22 ആർ.ആർ.എഫ് | എ. ഇ | 1200000 | 0 |
| 50/2021-22 എം.ആർ.എഫ് ന് സ്ഥലം വാങ്ങൽ | ഹെൽത്ത് ഓഫീസർ | 1200000 | 0 |
| 68/2021-22 മിനി എം.സി.എഫ് ന് സ്ഥലം 33-ാം വാർഡ് | ഹെൽത്ത് ഓഫീസർ | 190000 | 0 |

2021-22 വർഷത്തിൽ അജൈവ മാലിന്യങ്ങൾ ഒഴിവാക്കുന്നതിന് മാത്രമായി നഗരസഭ 46,68,998/- രൂപ ചെലച്ചിട്ടുണ്ട്. 2018 ലും 2019 ലും ഉണ്ടായ പ്രളയത്തിന്റെ ഭാഗമായുണ്ടായ അജൈവ മാലിന്യങ്ങൾ ഒഴിവാക്കുന്നതിന് ചെലവായതിലും വളരെയധികം ചെലവ് 2021-22 വർഷത്തിൽ ഉണ്ടായതെങ്ങനെയെന്ന് വിശദീകരിക്കേണ്ടതാണ്. മാലിന്യ സംസ്കരണത്തിൽ നഗരസഭയുടെ ബാധ്യത വർദ്ധിച്ചു വരികയാണ്. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 9/21-22 തിയ്യതി : 1.10.2022) നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ മുൻവർഷങ്ങളിൽ വീടുകളിൽ നിന്ന് ആറ് മാസത്തിലൊരിക്കലും കടകളിൽ നിന്ന് ആഴ്ചയിലൊരിക്കലും ശേഖരിക്കുന്നതിന് പകരം നിലവിൽ വീടുകളിൽ നിന്ന് മാസത്തിലൊരിക്കലും കടകളിൽ നിന്ന് ദിവസേനയും മാലിന്യങ്ങൾ ശേഖരിക്കുന്നതിനാലാണ് ചെലവ് തുക വർദ്ധിക്കുന്നത് എന്നുള്ള മറുപടി തൃപ്തികരമല്ല. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന തത്വത്തിലധിഷ്ഠിതമായി ജനങ്ങളിൽ നിന്ന് യൂസർ ഫീ സ്വീകരിച്ചു കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. മാലിന്യങ്ങൾ വരുമാനദായകങ്ങളാക്കുന്ന രീതിയിൽ നഗരസഭയുടെ മാലിന്യ സസ്കരണ സംവിധാനങ്ങൾ മെച്ചപ്പെടേണ്ടതുണ്ട്. മാലിന്യം ഒഴിവാക്കുന്നതിനുള്ള പൂർണ്ണമായ ചെലവ് വഹിക്കേണ്ടത് മാലിന്യം സൃഷ്ടിച്ചവർക്കാണ്. കൂടാതെ യൂസബിൾ മാലിന്യങ്ങളിലൂടെ നഗരസഭ വരുമാനം

വർദ്ധിപ്പിക്കേണ്ടതുണ്ട്. മേൽ കാരണങ്ങളാൽ മാലിന്യങ്ങൾ നഗരസഭാ ചെലവിൽ കയറ്റി അയയ്ക്കുന്നത് ഭാവിയിൽ അംഗീകരിക്കുന്നതല്ല.

മാലിന്യ സംസ്കരണത്തിന് ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നില്ല.

അജൈവമാലിന്യ സംസ്കരണത്തിനായി ഭൗതിക സൗകര്യങ്ങൾ ഒരുക്കേണ്ടത് നഗരസഭയാണ്. ഇതിനായി എം.സി.എഫ്, എം.ആർ.എഫ്, ആർ.ആർ.എഫ് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. 14 ാം ധനകാര്യ കമ്മീഷന്റെ സേവന നിലവാര പ്രഖ്യാപനം അനുസരിച്ച് മുക്കം നഗരസഭ ഖരമാലിന്യ സംസ്കരണത്തിൽ 100% കൈവരിക്കേണ്ടതുണ്ട്. മേൽ പട്ടികയിൽ കാണിച്ച പ്രകാരം ഇതിനായി എല്ലാ വർഷങ്ങളിലും പദ്ധതികൾ രൂപീകരിക്കുന്നുണ്ടെങ്കിലും ഈ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. യാതൊരു സുരക്ഷാ സംവിധാനങ്ങളും പരിശോധനകളും നടത്താതെ നഗരസഭാ ഓഫീസിന്റെ മുകൾ ഭാഗം എം.ആർ.എഫ് ആക്കി മാറ്റുന്നതിന് 2019-20, 2020-21 വർഷങ്ങളിലായി 3 പദ്ധതികൾ ഇതിനായി നടപ്പിലാക്കി. (317/18-19, 331/19-20, 498/21-22) 9,32,638 രൂപ ചെലവഴിച്ച് ഈ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപ് കെട്ടിടത്തിന്റെ സ്റ്റെബിലിറ്റി പരിശോധിക്കപ്പെടുകയോ, ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇത്തരത്തിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി തയ്യാറാക്കുമ്പോൾ ഉറപ്പാക്കേണ്ട ഫയർ സേഫ്റ്റി സംവിധാനം ഒരുക്കാതെ നഗരസഭാ കെട്ടിടത്തിനു മുകളിൽ എം.ആർ.എഫ് സ്ഥാപിക്കുന്നതിനായി പദ്ധതി നടപ്പിലാക്കിയെങ്കിലും എം.ആർ.എഫ് ആയി പ്രവർത്തിക്കാൻ സാധിക്കാതിരിക്കുകയും അതിനായി ചെലവഴിച്ച 9,32,638 രൂപ പാഴാകുകയും ചെയ്തിട്ടുണ്ട്. നിലവിൽ കോനാരി പ്ലാസ്റ്റിക്ക് ആന്റ് പോളിമർ എന്ന സ്വകാര്യ ഏജൻസി വഴിയുള്ള സ്ഥാപനത്തിലാണ് എം.സി.എഫ് പ്രവർത്തിക്കുന്നത്. എം.ആർ.എഫ്, ആർ. ആർ. എഫ് എന്നിവ ഇല്ലാത്തതിനാൽ വൻ തുക ചെലവഴിച്ച് അജൈവ മാലിന്യങ്ങൾ കയറ്റി അയയ്ക്കുകയാണ് ചെയ്യുന്നത്. ജനങ്ങളുടെ എതിർപ്പ് മൂലം സ്ഥലം കണ്ടെത്താൻ സാധിക്കാതിരുന്നതിനാലാണ് മാലിന്യ സംസ്കരണത്തിനായി സൗകര്യങ്ങൾ ഒരുക്കുന്നതിന് സാധിക്കാത്തത് എന്ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നഗരസഭാ കെട്ടിടത്തിനു മുകളിൽ എം.ആർ.എഫ് സ്ഥാപിക്കാനിടയായ സാഹചര്യം വിശദീകരിച്ചിട്ടില്ല. മാലിന്യ സംസ്കരണത്തിനായി സൗകര്യങ്ങൾ ഒരുക്കുന്നതിന് സ്ഥലം കണ്ടെത്തി ലക്ഷ്യം കൈവരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

പുനരുപയോഗ്യ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി, കോനാരി പ്ലാസ്റ്റിക്ക് ആന്റ് പോളിമർ എന്നീ സ്ഥാപനങ്ങളെയാണ് കരാർ പ്രകാരം തുക നൽകിക്കൊണ്ട് സംസ്ഥാനത്തിനകത്ത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ഏൽപ്പിച്ചിട്ടുള്ളത്. മുക്കം കാരശ്ശേരി

ജങ്ഷനിലെ ബി.പി.എം വെയ്ബ്രിഡ്ജ് എന്ന സ്ഥാപനത്തിൽ നിന്ന് മാലിന്യങ്ങളുടെ ശേഖരിച്ചെടുത്ത് വാഹനങ്ങളിൽ കൊണ്ടു പോകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നത് എങ്ങനെയാണെന്നും എവിടെ വച്ചാണെന്നും സംബന്ധിച്ചുള്ള വിശദാംശങ്ങൾ നഗരസഭയിൽ ലഭ്യമല്ല. കരാർ ഏറ്റെടുത്ത സ്ഥാപനങ്ങൾ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനും ആയതിന്റെ രേഖകൾ സൂക്ഷിക്കുന്നതിനും നഗരസഭയിൽ സംവിധാനമില്ലാത്തത് വീഴ്ചയാണ്. നിലവിൽ മാലിന്യങ്ങൾ കയറ്റിക്കൊണ്ടു പോകുന്ന കോനാരി പ്ലാസ്റ്റിക്ക് ആന്റ് പോളിമർ എന്ന സ്ഥാപനത്തിന് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സംവിധാനമുണ്ടോ എന്ന് നഗരസഭ ഉറപ്പ് വരുത്തിയിട്ടില്ല. സ്ഥാപനവുമായുണ്ടാക്കിയ കരാറിൽ സ്വന്തം ഉത്തരവാദിത്തത്തിൽ മാലിന്യ സംസ്കരണം നടത്തുമെന്നും സ്വന്തമായുള്ള സിമന്റ് പ്ലാന്റിൽ അതിനുള്ള സംവിധാനമുണ്ടെന്നും പറയുന്നുണ്ട്. നഗരസഭയിൽ നിന്ന് കയറ്റി അയക്കുന്ന അളവ് മാലിന്യങ്ങൾ ഈ സ്ഥാപനങ്ങളിൽ സംസ്കരിച്ചതിന്റെ ആധികാരിക രേഖ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ കോനാരി എന്ന സ്ഥാപനവുമായുണ്ടാക്കിയ കരാറിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. കോനാരി എന്ന സ്ഥാപനം സിമന്റ് കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭയിൽ നിന്ന് കയറ്റി അയക്കുന്ന ഓരോ ലോഡ് മാലിന്യവും കോനാരി എന്ന സ്ഥാപനം ശാസ്ത്രീയമായി സംസ്കരിച്ചതിന്റെ രേഖ ഹാജരാക്കേണ്ടതാണ്.

ഹരിത സഹായ സ്ഥാപനങ്ങളുടെ പ്രവർത്തനം ഫലപ്രദമായില്ല .

മാലിന്യ സംസ്കരണത്തിന് ഹരിത കർമ്മസേനയ്ക്കാവശ്യമായ സാങ്കേതിക പിന്തുണ നൽകുന്നതിന് നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് എന്ന ഹരിത സഹായ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2020 ജനവരി മുതൽ 2021 ഡിസംബർ വരെയുള്ള 2 വർഷ കാലയളവിൽ ഈ സ്ഥാപനം നഗരസഭയിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇതിനായി 463/19, 19/20, 162/21, 528/22 എന്നീ പദ്ധതികളിലായി 9,32,638 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവർത്തന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 52,333 രൂപ തോതിലാണ് ഈ സ്ഥാപനത്തിന് പ്രതിഫലം നൽകിയിട്ടുള്ളത്. കോവിഡ് മഹാമാരി കാലഘട്ടത്തിലായതിനാൽ വളരെ ശുഷ്കമായ പ്രവർത്തനങ്ങൾ മാത്രമാണ് ഈ സ്ഥാപനത്തിന് നഗരസഭയിൽ നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളത് എന്ന് പ്രവർത്തന റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. മേൽ ചെലവ് തുകയിൽ 97,010/- രൂപ ഹരിത സഹായ സ്ഥാപനം ഡി.പി.ആർ തയ്യാറാക്കിയതിനാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ ഡി.പി.ആർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ ഡി.പി.ആറിന്റെ അടിസ്ഥാനത്തിലല്ല നഗരസഭയിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടക്കുന്നത്. ജി.ഒ(സാധാ)2420/17/തസ്വഭവ/ 15.07.2017 പ്രകാരമുള്ള മാലിന്യ സംസ്കരണ സംവിധാനത്തിലേയ്ക്ക് എത്തിച്ചേരാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് കാലമായതിനാൽ ടി

സ്ഥാപനത്തിന് കര്യക്ഷമമായി പ്രവർത്തിക്കാൻ സാധിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. ടി സ്ഥാപനം തയ്യാറാക്കിയതായി പറയുന്ന ഡി. പി. ആർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ആയതു പ്രകാരം പദ്ധതികൾ തയ്യാറാക്കേണ്ടതുമാണ്.

കയറ്റി അയക്കുന്ന മാലിന്യങ്ങളുടെ തൂക്കത്തിലെ അവ്യക്തത

നഗരസഭയിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ 1/22 വരെ ക്ലീൻ കേരള കമ്പനിയും 2/22 മുതൽ കോനാരി പോളിമർ ആന്റ് പ്ലാസ്റ്റിക്ക് എന്ന സ്ഥാപനവും വഴിയാണ് സംസ്കരിയ്ക്കുന്നതിനായി കയറ്റി അയച്ചിട്ടുള്ളത്. 20-21 വർഷത്തിൽ 1,78,697 കിലോഗ്രാം മാലിന്യം കയറ്റി അയച്ചതിന് കിലോയ്ക്ക് 11.8 രൂപ നിരക്കിൽ 21,08,621 രൂപയും 21-22 വർഷത്തിൽ 1,48,605 കിലോഗ്രാം മാലിന്യത്തിന് 17,53,589 രൂപയും ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുണ്ട്. 2/22, 3/22 മാസങ്ങളിൽ 23,430 കിലോഗ്രാം മാലിന്യം കിലോയ്ക്ക് 7.8 രൂപ നിരക്കിൽ കോനാരി എന്ന സ്ഥാപനത്തിന് 1,82,754 രൂപ നൽകി കയറ്റി അയച്ചിട്ടുണ്ട്. 2/22 മുതൽ കോനാരി എന്ന സ്ഥാപനം വഴി ഖരമാലിന്യങ്ങൾ കയറ്റി അയക്കാൻ തുടങ്ങിയതോടെ ഖരമാലിന്യം കൈയ്യൊഴിയുന്നതിനുള്ള നിരക്ക് കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും സ്വന്തമായുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കി മാലിന്യ സംസ്കരണത്തിനുള്ള ഈ അധിക ചെലവ് ഇല്ലാതാക്കുന്നതിനും പാഴ്വസ്തുക്കളിൽ നിന്ന് വരുമാനം വർദ്ധിപ്പിക്കാനും നഗരസഭയ്ക്ക് സാധിക്കേണ്ടതാണ്.

ഹരിത കർമ്മസേനയും നഗര സഭയിലെ കണ്ടിജന്റ് വിഭാഗം ക്ലീനിങ്ങിലൂടെയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ജീവനക്കാരും ശേഖരിക്കുന്ന മാലിന്യങ്ങൾ കയറ്റി അയയ്ക്കുമ്പോൾ തൂക്കം കണക്കാക്കുന്ന രീതി മാത്രമായിരുന്നു ഉണ്ടായിരുന്നത്. 2/22 മുതൽ ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ അതാതു ദിവസങ്ങളിൽ തന്നെ തൂക്കം എടുത്ത് റജിസ്റ്ററുകളിൽ എഴുതി സൂക്ഷിക്കുന്നുണ്ട്. 2/22, 3/22 എന്നീ മാസങ്ങളിലെ കണക്ക് മാത്രം പരിശോധിച്ചതിൽ ശേഖരിക്കുന്ന അജൈവ മാലിന്യവും കയറ്റി അയക്കുന്ന മാലിന്യവും തൂക്കങ്ങളിൽ വളരെയധികം വ്യത്യാസം ഉള്ളതായി കാണുന്നു.

| മാസം | ഹരിത കർമ്മ സേന ശേഖരിച്ച മാലിന്യങ്ങൾ | വില ലഭ്യമായ ഉപയോഗ യോഗ്യമായ മാലിന്യങ്ങൾ | വ്യത്യാസം |
|---|---|---|---|
| ഫെബ്രുവരി | 22777. 2 Kg | 4674.35 Kg | 18,103 |
| മാർച്ച് | 44226 Kg | 9066.72 Kg | 35,159 |

| | | | |
|---|---|---|---|
| | | ആകെ | 53,262 |

ഹരിത കർമ്മ സേന വഴി മാത്രം ശേഖരിച്ച അജൈവ മാലിന്യങ്ങൾ സംസ്കരിയ്ക്കുവാനായി ശേഖരിച്ചിട്ടുള്ളത് 53,262 Kg മാലിന്യങ്ങളാണ്. എന്നാൽ തൻമാസങ്ങളിൽ കോനാരിയ്ക്ക് 23,430 Kg (23430X7.8=1,82,754) മാത്രമാണ് സംസ്കരിക്കുന്നതിനായി നൽകിയിട്ടുള്ളത്. ബാക്കി 29832 Kg മാലിന്യങ്ങൾ എങ്ങനെ സംസ്കരിക്കുന്നു എന്ന് വിശദീകരിക്കുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ അധികമുള്ള മാലിന്യങ്ങൾ അടുത്ത മാസങ്ങളിൽ കയറ്റി അയച്ചിട്ടുണ്ട് എന്ന മറുപടി തൃപ്തികരമല്ല. തുടർമാസങ്ങളിലെ കണക്കുകളിലും ഈ അന്തരം കാണാവുന്നതാണ്.

അജൈവ മാലിന്യം കൈയ്യൊ ഴിയിന്നതിനുള്ള ഏജൻസിയെ തെരഞ്ഞെടുത്തതിലെ അപാകത

നഗരസഭയിൽ 2/22 മുതൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്നത് കോനാരി അഡ്വാൻസ്ഡ് പോളിമേർസ് എന്ന സ്ഥാപനം വഴിയാണ്. എം.സി.എഫ് സൗകര്യം ഒരുക്കുക, പുനചംക്രമണ സാധ്യതയുള്ള മാലിന്യങ്ങൾ വില നൽകി സ്വീകരിക്കുക, റിജെക്ട് വെയ്സ്റ്റ് വില ഈടാക്കിക്കൊണ്ട് സംസ്കരിക്കുക എന്നീ ചുമതലകൾ നിർവ്വഹിക്കുന്നത് ഈ സ്ഥാപനം വഴിയാണ്. 18.10.21 ന് ഈ സ്ഥാപനം നഗരസഭയ്ക്ക് സമർപ്പിച്ച അപേക്ഷയിൽ ക്ലീൻ കേരള കമ്പനിയേക്കാളും കുറഞ്ഞ നിരക്കിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താൻ തയ്യാറാണെന്നുള്ള അപേക്ഷ നഗരസഭയ്ക്ക് സമർപ്പിച്ചു. തുടർന്ന് 28.10.21 ലെ 1ാം നമ്പർ തീരുമാന പ്രകാരം ഹരിത കർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഏജൻസികളെ കണ്ടെത്തുന്നതിനായി ഓഫർ ക്ഷണിച്ചു. 25.11.21 ന് 5 ഓഫറുകൾ ലഭിച്ചു. ഇതിൽ മാലിന്യങ്ങൾ കിലോയ്ക്ക് 7.8 രൂപ നിരക്കിൽ നീക്കം ചെയ്യാമെന്ന നിബന്ധനയിൽ 1/10.2.21 നമ്പർ കരാർ പ്രകാരം കോനാരി അഡ്വാൻസ്ഡ് പോളിമേർസ് എന്ന സ്ഥാപനത്തിനാണ് പ്രവൃത്തി നൽകിയത്. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ 25.11.21 ന് ഓഫർ സമർപ്പിച്ച ഗ്രീൻ വേം ഇക്കോ സൊലൂഷൻ എന്ന സ്ഥാപനം മാലിന്യങ്ങൾ കിലോയ്ക്ക് 6 രൂപ നിരക്കിൽ നീക്കം ചെയ്യുന്നതിന് ഓഫർ ചെയ്തിട്ടുള്ളതാണ്. കൂടാതെ പുനരുപയോഗ്യ യോഗ്യമായ വസ്തുക്കൾ സ്വീകരിക്കാൻ ക്വോട്ട് ചെയ്തിരിക്കുന്ന നിരക്കും വളരെ കൂടുതലാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം (Un Bailed) | വേം ഇക്കോ സൊലൂഷൻ ക്വോട്ട് ചെയ്ത നിരക്ക് (Per Kg) | കോനാരി ക്വോട്ട് ചെയ്ത നിരക്ക് (Per Kg) |
|---|---|---|
| HM | 13 | 6 |

| | | |
|---|---|---|
| CHM Mix | 13 | 6 |
| PP | 25 | 15 |
| Print PP | 15 | 7 |
| LD 1 | 24 | 17 |
| LD 2 | 14 | 10 |
| Milk Cover LD | 16 | 12 |
| HDP | 21.50 | 19 |
| Hard Plastic | 13 | 10 |
| Pet Bottle | 18 | 18 |
| Liquor Bottle (Plastic) | 17 | 17 |
| Non Woven | 10 | 6 |
| News Paper | 13 | 10 |
| Card Board | 10 | 9 |
| BB Mix Paper | 8 | 4.50 |
| Glass Bottle (Beer) | 3 | 1.10 |
| Glass Waste | 3 | .5 |
| Aluminium Can | 42 | 41 |
| Steel | 25 | 26 |
| Iron Scrap | 25 | 16 |

സമർപ്പിച്ച ഓഫറുകൾ കംബരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കാതെ കോനാരി എന്ന സ്ഥാപനത്തിന്റെ ഓഫർ ഗ്രീൻ കേരള കമ്പനിയുടെ നിരക്കുമായി മാത്രം താരതമ്യം ചെയ്ത് കരാർ ഏൽപ്പിച്ചത് ശരിയായ നടപടിയല്ല. സമർപ്പിച്ച ഓഫറുകൾ ഗ്രീൻ കേരള കമ്പനിയുടേതിനേക്കാൾ ലാഭകരമാണെന്നും കോനേരിയ്ക്ക് മാത്രമാണ് നഗരസഭയുടെ 10 കി.മീറ്റർ ചുറ്റളവിൽ എം.സി.എഫ് സംവിധാനമുള്ളത് എന്നതും പരിഗണിച്ചാണ് 29.11.21 ലെ 5 ാം നമ്പർ തീരുമാന പ്രകാരം മറ്റു സ്ഥാപനങ്ങളെ പരിഗണിക്കാതെ കോനാരി എന്ന സ്ഥാപനത്തിന് കരാർ നൽകിയത്. എം.സി.എഫ് സംവിധാനം ഒരുക്കുന്നതിന്

തയ്യാറാണോ എന്നത് സംബന്ധിച്ച് വേം ഇക്കോ സൊല്യൂഷൻ എന്ന സ്ഥാപനവുമായി നെഗോസിയേഷൻ നടത്തിയിട്ടില്ല. ലഭ്യമാക്കിയ മറുപടിയിൽ 10 കിലോമീറ്റർ ചുറ്റളവിൽ സ്വന്തമായി എം.സി.എഫ് ഉള്ള സ്ഥാപനത്തിന് പരിഗണന നൽകിയതിനാലാണ് ഈ സ്ഥാപനത്തിന് കരാർ നൽകിയത് എന്ന മറുപടി തൃപ്തികരമല്ല. കാരണം നഗരസഭയുടെ എല്ലാ ഭാഗത്തു നിന്നും മാലിന്യങ്ങൾ കൊണ്ടു വരേണ്ടതുള്ളതു കൊണ്ട് 10 കിലോമീറ്റർ ചുറ്റളവിൽ എം.സി.എഫ് വേണമെന്ന വ്യവസ്ഥ പ്രസക്തമല്ല. നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് എം.സി.എഫിലേയ്ക്ക് മാലിന്യങ്ങൾ എത്തിക്കുന്നതിന് നഗരസഭ വൻ തുക ചെലവഴിക്കുന്നുണ്ട്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ നിന്നും പരമാവധി വരുമാനമുണ്ടാക്കുന്നതിനും ഇതിനായുള്ള ചെലവ് കുറച്ചു കൊണ്ടു വരുന്നതിനുമുള്ള ബോധപൂർവ്വമായ ശ്രമം ഉണ്ടാകേണ്ടതാണ്. ഈ വിഷയത്തിലേക്ക് കൌൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-25 ടെണ്ടർ നടപടി ക്രമങ്ങളിലെ അപാകതകൾ കാരണം പ്രവർത്തി നിർവ്വഹണത്തിൽ വീഴ്ച

നഗരസഭയിൽ 10.11.21 ന് നടന്ന ടെണ്ടറിൽ 22 പ്രവൃത്തികൾക്കായിരുന്ന ടെണ്ടർ ക്ഷണിച്ചതും നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയതും. എന്നാൽ കൗൺസിലിന്റെ അംഗീകാരത്തിന് 29 പ്രവൃത്തികളുടെ ടെണ്ടർ വരുകയും ആയവ കൗൺസിൽ അംഗീകരിക്കുകയും ചെയ്തു. ഇത് ചില കരാറുകാരെ വഴിവിട്ട് സഹായിക്കാനാണെന്ന് ആക്ഷേപിച്ചുകൊണ്ട് ചില കരാറുകാർ നഗരസഭാ ചെയർമാന് പരാതി നൽകി. തുടർന്ന് ചെയർമാൻ 20.12.21 ന് അടിയന്തിര യോഗം ചേരുകയും ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കാതെ കൗൺസിലിൽ പരിഗണിച്ച ക്രമ നമ്പർ 23 മുതൽ 29 വരെയുള്ള 7 പ്രവൃത്തികളുടെ അംഗീകരിച്ച ടെണ്ടർ റദ്ദ് ചെയ്യുകയും ഇത് കരാറുകാരെ രേഖാമൂലം അറിയിക്കുകയും ചെയ്തു. തുടർന്ന് ഈ പ്രവൃത്തികൾ ആദ്യം ഏറ്റെടുത്തിരുന്ന 4 കരാറുകാർ നഗരസഭയുടെ ഈ നടപടിയ്ക്കെതിരെ നഗരസഭാ സെക്രട്ടറിയെ പ്രതി ചേർത്ത് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട് (WP(C)3228/22). പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ തുക | കരാറുകാരൻ | റിമാർക്സ് |
|---|---|---|---|---|
| 1 | 515/22 മുരട്ടുമ്മൽ മരുതോറൻ കുന്ന് എസ്. സി കോളനി റോഡ് | 200000 | ഫിറോസ് ഖാൻ | സെലക്ഷൻ നോട്ടീസ് അയച്ചില്ല |
| 2 | 429/ കരീറ്റിപ്പൊയിൽ സ്റ്റേഡിയം റോഡ് | 230000 | ഓമശ്ശേരി ലേബർ കോൺട്രാക്ട് സോസൈറ്റി | സെലക്ഷൻ നോട്ടീസ് അയച്ചില്ല |

| | | | | |
|---|---|---|---|---|
| 3 | 448/22 പച്ചടി പറമ്പ് എവറസ്റ്റ് കുന്ന് കോളനി റോഡ് | 169440 | ദിൻഷാദ് | 7.3.22ന് സെലക്ഷൻ നോട്ടീസ് അയച്ചു. കരാറിൽ ഏർപ്പെട്ടിട്ടില്ല |
| 4 | 465/22 ചേരിക്കാത്തൊടിക പേനക്കാവ് റോഡ് | 152581 | ദിൻഷാദ് | സെലക്ഷൻ നോട്ടീസ് അയച്ചില്ല |
| 5 | 508/21-22 മൂത്തോറക്കുന്ന് താഴെക്കേട് റോഡ് | 75000 | ഓമശ്ശേരി ലേബർ കോൺട്രാക്റ്റ് സോസാറ്റി | സെലക്ഷൻ നോട്ടീസ് അയച്ചില്ല |
| 6 | 182/21-22 തടപ്പരമ്പ് എച്ച്.ഡി.പി കോളനി റോഡ് | 400000 | ഫാസിൽ | സെലക്ഷൻ നോട്ടീസ് അയച്ചില്ല |
| 7 | 241/21-22 കീരിപ്പോയിൽ ചെറൂത്ത് റോഡ് | 450000 | സുനഷ് | സെലക്ഷൻ നോട്ടീസ് അയച്ചില്ല |

31.1.22 ന് ഈ പ്രവൃത്തികൾ പുതിയതായി ഇ-ടെണ്ടർ നടത്തുകയും കരാറുകാരെ തെരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് അയച്ച് പ്രവൃത്തി കരാറിലേർപ്പെടുകയോ പ്രവൃത്തി പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾക്ക് വ്യക്തതയില്ല. രേഖകൾ പരിശോധനയ്ക്ക് ലഭിച്ചില്ല.

1) 7 മരാമത്ത് പ്രവൃത്തികൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കാതെ നേരിട്ട് കൗൺസിലിലേക്ക് പരിഗണനയ്ക്കെടുത്ത നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടികളുടെ വിവിരം ലഭ്യമല്ല.

2) മേൽ പറഞ്ഞ പ്രവർത്തികളിലെ ടെണ്ടർ നടപടിക്രമങ്ങളിലെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടെണ്ടർ ഫയലുകൾ പകർപ്പെടുത്ത് സൂക്ഷിക്കാതെ ഫയലുകൾ കേസിന്റെ ആവശ്യത്തിന് നൽകിയതായാണ് അറിയിച്ചിട്ടുള്ളത്.

3) നഗരസഭക്കെതിരായ കേസിൽ വാദിക്കുന്നതിനായി അഡ്വ.സുരേഷ് കുമാറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേസിന്റെ നടത്തിപ്പിനായി എത്ര തുക ചെലവഴിച്ചു എന്നും കേസിന്റെ നിലവിലത്തെ സ്ഥിതി എന്തെന്നും വ്യക്തമല്ല.

4) 27.10.21 ന് ടെണ്ടർ ക്ഷണിച്ച 36 പ്രവൃത്തികൾ ടെണ്ടർ ക്ഷണിച്ച് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ കൗൺസിൽ അംഗീകാരത്തിനായി 44 ടെണ്ടറുകൾ സമർപ്പിച്ചു എന്ന ആക്ഷേപത്തിൻമേൽ സ്വീകരിച്ച നടപടികൾ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 14/ 2021 – 22 തിയ്യതി 6.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ റോഡ് നടത്തിപ്പിന് ചെലവ് വരുന്ന തുക നിർവഹണോദ്യാഗസ്ഥൻ വഹിക്കേണ്ടതാണ്.

## 1-26 ആവശ്യകത നിർണ്ണയിക്കാതെ എഞ്ചിനീയറിങ് വിഭാഗത്തിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങി

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

പ്രൊജക്ട് - 246/21-22

ചെലവ് തുക - 2,42,903 (തനത് ഫണ്ട്)

എഞ്ചിനീയറിങ് വിഭാഗത്തിലേക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയിൽ താഴെക്കാണിച്ച പ്രകാരം കമ്പ്യൂട്ടറും പ്രിന്ററും ഫോട്ടോ കോപ്പിയറും വാങ്ങിയിട്ടുണ്ട്.

| ഇനം | വില | ബിൽ നമ്പർ |
|---|---|---|
| കമ്പ്യൂട്ടർ (1) | 41647 | 102745/24.2.22 |
| പ്രിന്റർ (7) | 101432 | 22100761/30.12.21 |
| ഫോട്ടോകോപ്പിയർ പ്രിന്റർ (1) | 99824 | 22100761/30.12.21 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 12/2021 ൽ വാങ്ങിയിട്ടുള്ള കമ്പ്യൂട്ടർ ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല. പെട്ടിയിൽ തന്നെ സൂക്ഷിച്ച അവസ്ഥയിലാണ് ഉള്ളത്. കമ്പ്യൂട്ടറിന്റെ വാറണ്ടി അവസാനിക്കാറായിട്ടും ഉപയോഗിക്കാതെ വെച്ചിരിക്കുന്നതിനും ആവശ്യകതയില്ലാതെ കമ്പ്യൂട്ടർ വാങ്ങിയതിനും വിശദീകരണം

ലഭ്യമാക്കേണ്ടതാണ്. എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ 5 ഓവർസീയർമാർ, 2 ക്ലാർക്ക്മാർ, എഞ്ചിനീയർ എന്നീ 8 സീറ്റിലും നിലവിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടറുകൾ ഉണ്ടെന്നിരിക്കെയാണ് ഒരു കമ്പ്യൂട്ടർ വെറുതെ വാങ്ങി ഉപയോഗിക്കാതെ വെച്ചിരിക്കുന്നത്.

2) 8 പേർ ഉള്ള എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ നിലവിൽ പുതിയതായി വാങ്ങിയ 99,824 രൂപ വിലയുള്ള ഫോട്ടോകോപ്പിയർ പ്രിന്റർ കൂടാതെ പഴയ പ്രിന്ററും പുതിയതായി വാങ്ങിയ 7 പ്രിന്ററുകളും എ.ഇ യുടെ ഓഫീസിൽ ഉണ്ട്. വിപുലമായ ഫങ്ങ്ഷനോട്കൂടിയ ഫോട്ടോ കോപ്പിയർ /പ്രിന്ററിന് പുറമെ ഒരോ സീറ്റിലേയ്ക്കും പ്രിന്ററുകൾ വാങ്ങിയത് അനാവശ്യമായ ചെലവാണ്.

3) വാങ്ങലുകൾ നടത്തിയത് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അറിവോടെയല്ല. കമ്മറ്റി മിനട്സ് പരിശോധിച്ചതിൽ ഈ വാങ്ങലുകൾ പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ വന്നിട്ടില്ല.

4) എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ ഉള്ള ഉപകരണങ്ങൾക്ക് ഈ ഓഫീസിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കൂടാതെ സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/ 2021 – 22 തിയ്യതി 6.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകയായ 2,42,903/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-27 ജീവനക്കാരുടെ പെൻഷൻ ഫണ്ട് അപാകതകൾ

സെക്രട്ടറി, സൂപ്രണ്ട്, ഹെൽത്ത് ഇൻസ്പെക്ടർ, ജെ.എച്ച്.ഐ I, ജെ.എച്ച്.ഐ II (4), ക്ലാർക്ക് (5), സീനിയർ ക്ലാർക്ക് (5), എൽ.ഡി ടൈപ്പിസ്റ്റ്, ഒ.എ (4), പാർട്ട് ടൈം അറ്റന്റർ, ജെ.പി.എച്ച്.എൻ, ഫുൾ ടൈം കണ്ടിജന്റ് ജിവനക്കാർ (9) എന്നിങ്ങനെ 34 ജീവനക്കാർ നഗരസഭയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) എൻ.പി.എസ് പദ്ധതിയിൽ ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടില്ല

1.4.2013 ന ശേഷം സേവനത്തിൽ വരുന്ന ജീവനക്കാർ ദേശീയ പെൻഷൻ പദ്ധതിയിലാണ് ഉൾപ്പെടേണ്ടത്. ഇതിനായി അവരുടെ ശമ്പളത്തിൽ നിന്ന് 10% തുക റിക്കവറി നടത്തി അത്രയും തുക നഗരസഭാ ഫണ്ടും ഉൾപ്പെടെ എൻ.പി.എസ് ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടതാണ്. സേവനത്തിൽ വന്ന് ഒരു വർഷത്തിനുള്ളിൽ പ്രാൺ അക്കൗണ്ട് എടുത്ത് ശമ്പളത്തിൽ നിന്ന് തുക റിക്കവറി നടത്തി അടയ്ക്കണം. എന്നാൽ താഴെ പറയുന്ന ജീവനക്കാർ സേവനത്തിൽ വന്ന് ഒരു വർഷം കഴിഞ്ഞിട്ടും എൻ.പി.എസിൽ അംഗത്വം നേടിയിട്ടില്ല.

| പേര്, ഉദ്യോഗപ്പേര് | സേവനാരംഭം |
|---|---|

| | |
|---|---|
| ശ്രീമതി.ജസ്ന, ഒ. എ | 11.2.21 |
| ശ്രീമതി.നസ്വീബ, ജെ.പി.എച്ച്.എൻ | 17.5.21 |
| ശ്രീ.സുരേഷ്ബാബു. എം, ഫുൾ ടൈം സ്വീപ്പർ | 8.2.21 |
| ശ്രീമതി.പ്രീത. കെ, ഫുൾ ടൈം സ്വീപ്പർ | 8.2.21 |
| ശ്രീമതി.ബേബി. പി, ഫുൾ ടൈം സ്വീപ്പർ | 8.2.21 |
| ശ്രീമതി.ഷെറി പള്ളിക്കുന്ന്, ഫുൾ ടൈം സ്വീപ്പർ | 8.2.21 |
| ശ്രീ.അജിത് കുമാർ. പി, ഫുൾ ടൈം സ്വീപ്പർ | 8.2.21 |
| ശ്രീ.ബൈജു. പി, ഫുൾ ടൈം സ്വീപ്പർ | 8.2.21 |
| ശ്രീ.അഷ്റഫ്. കെ. കെ, ഫുൾ ടൈം സ്വീപ്പർ | 8.2.21 |
| ശ്രീമതി.വിജയശ്രീ. കെ. സി, ഫുൾ ടൈം സ്വീപ്പർ | 8.2.21 |
| ശ്രീ.അജീഷ് കെ. ബി, ഫുൾ ടൈം സ്വീപ്പർ | 8.2.21 |

2) ജീവനക്കാരിയെ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല

1.4.2013 ന മുമ്പ് സേവനത്തിൽ വന്ന ജീവനക്കാരുടെ ശമ്പളത്തിന്റെ 15% തുക നഗരസഭ മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് അടവാക്കുന്നുണ്ട്. എന്നാൽ മുക്കം ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലത്ത് 3.5.2010 മുതൽ സേവനത്തിൽ തുടരുന്ന ശ്രീമതി. ജൂറൈന, പാർട്ട് ടൈം അറ്റന്റർ നിലവിൽ ഒരു പെൻഷൻ പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്ത് സർവ്വീസിൽ ഉണ്ടായിരുന്ന ടിയാരി നഗരസഭയിൽ തുടരുന്നത് സംബന്ധിച്ചും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നത് സംബന്ധിച്ചും ഉള്ള സർക്കാർ തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/ 2021 – 22 തിയ്യതി 6.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-28 ഓഡിറ്റ് റിപ്പോർട്ടുകളിൽ യഥാസമയം തുടർനടപടികൾ സ്വീകരിക്കുന്നില്ല.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ

ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം – വകുപ്പ് 295(4)), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, (1997 കേരള മുൻസിപ്പാലിറ്റി നിയമം – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15, 21 (1), (2) എന്നിവ പ്രകാരം ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ച് പരാമർശം ഒഴിവാക്കുന്നതിന് വേണ്ടത്ര ശ്രദ്ധ സ്ഥാപനം പുലർത്തുന്നില്ല.

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ ചില പരാമർശങ്ങളിന്മേൽ തുടർ വർഷങ്ങളിൽ അപാകത പരിഹരിച്ചിട്ടുണ്ടെങ്കിലും നിലവിൽ ഓഡിറ്റ് പരാമർശങ്ങൾ പരിഹരിക്കുന്നതിൽ സ്ഥാപനം മതിയായ ശ്രദ്ധ കൊടുക്കുകയോ കൌൺസിൽ ഇത് സംബന്ധിച്ച് നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ല. കൂടാതെ ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ തുടർ വർഷങ്ങളിലും ആവർത്തിക്കപ്പെടുന്നുണ്ടെന്നും വ്യക്തമായിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള നടപടികൾ സമയ ബന്ധിതമായി ചെയ്യാത്തത് നഗരസഭയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. 2015-16, 2016-17, 2017-18, 2018-19, 2019-20, 2020-21 വരെയുള്ള മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ തുടർനടപടികൾ പരിശോധിച്ചത് പ്രകാരമുള്ള അഭിപ്രായം താഴെ ചേർക്കുന്നു.

2015-16 വർഷത്തെ കെ.എസ്.എ/കെ.കെ.ഡി പി. 14/153/2017 തി. 31/01/2017 ഓഡിറ്റ് റിപ്പോർട്ട് രണ്ട് ഘട്ടങ്ങളിലായാണ് പുറപ്പെടുവിച്ചത്. 01/04/2019 മുതൽ 31/10/2017 വരെയുള്ള റിപ്പോർട്ട് മുൻസിപ്പാലിറ്റി രൂപീകൃതമാകുന്നതിനു മുമ്പുള്ളതും തുടർന്ന് 01/11/2015 മുതൽ 31/03/2016 വരയുള്ള റിപ്പോർട്ട് മുൻസിപ്പാലിറ്റിയുമായി ബന്ധപ്പെട്ടതുമാണ്. ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിലെ റിപ്പോർട്ടുമായി ബന്ധപ്പെട്ട കെ.എസ്.എ.കെ.കെ.ഡി/പി14/153/2017 തി.31/07/2017 അനന്തരപരാമർശം പ്രകാരം നിലവിൽ 5 ഖണ്ഡികകൾ ഈ റിപ്പോർട്ടിൽ അവശേഷിക്കുന്നു. മുനിസിപ്പാലിറ്റിയായ കാലയളവിലെ റിപ്പോർട്ടുമായി ബന്ധപ്പെട്ട കെ.എസ്.എ.കെ.കെ.ഡി/പി14 /1258/2017 തി.3/11/2017 അനന്തരപരാമർശം പ്രകാരം 10 ഖണ്ഡികകളും തീർപ്പാക്കാനുണ്ട്. 3/11/2017 ന ശേഷം ഓഡിറ്റ് പരാമർശങ്ങൾ പരിഹരിക്കുന്നതിൽ സ്ഥാപനം യാതൊരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ല.

2016-17 വർഷത്തെ കെ.എസ്.എ/കെ.കെ.ഡി. പി. 14/1735/2017 തി.11/10/2017 ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചെങ്കിലും ആയതിന് ചട്ടപ്രകാരമുള്ള പ്രഥമ മറുപടി സമയപരിധിക്കുള്ളിലോ നാളിതുവരെയായോ സമർപ്പിച്ചിട്ടില്ല. 21/05/2018 ലെ കെ.എസ്.എ/കെ.കെ.ഡി പി.14/1735/2017

അനന്തര റിപ്പോർട്ട് പ്രകാരം നിലവിൽ 33 ഖണ്ഡികകൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. ഓഡിറ്റ് പരാമർശങ്ങൾ പരിഹരിക്കുന്നതിൽ സ്ഥാപനം യാതൊരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ല.

2017-18 വർഷത്തെ കെ.എസ്.എ/കെ.കെ.ഡി പി. 14/2286/18 തി. 12/12/2018 ഓഡിറ്റ് റിപ്പോർട്ടിന് 08/03/2019 ന് എ-1-9431/2018 നമ്പർ കത്ത് പ്രകാരം പ്രഥമ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.എ/കെ.കെ.ഡി പി. 13/1806/19 തി. 24/07/2020 അനന്തര പരാമർശ പ്രകാരം നിലവിൽ പാർട്ട് 2, 3 എന്നിവയിലായി ആകെ 23 ഖണ്ഡികകൾ തീർപ്പാകാതെ അവശേഷിക്കുന്നു.

2018-19 വർഷത്തെ കെ.എസ്.എ/കെ.കെ.ഡി പി. 13/177/20 തി. 26/05/2020 ഓഡിറ്റ് റിപ്പോർട്ടിന് 20/11/2020 ന് എ-1-7616/2020 നമ്പർ കത്ത് പ്രകാരം പ്രഥമ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.എ/കെ.കെ.ഡി. പി. 13/1262/20 തി. 28/01/2021 അനന്തര പരാമർശ പ്രകാരം നിലവിൽ പാർട്ട് 2, 3 എന്നിവയിലായി ആകെ 13 ഖണ്ഡികകൾ തീർപ്പാകാതെ അവശേഷിക്കുന്നു.

2019-20 വർഷത്തെ കെ.എസ്.എ/കെ.കെ.ഡി പി. 9/384/22 തി. 21/03/2022 ഓഡിറ്റ് റിപ്പോർട്ടിന് ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രഥമ മറുപടി സമർപ്പിച്ചിട്ടില്ല. സ്ഥാപനത്തിലെ ഓഡിറ്റ് ഫയൽ പരിശോധിച്ചതിൽ പ്രഥമ മറുപടി കൌൺസിൽ അംഗീകാരത്തിന് സമർപ്പിച്ചതായും കാണുന്നില്ല.

2020-21 വർഷത്തെ കെ.എസ്.എ/കെ.കെ.ഡി. പി. 9/917/22 തി. 03/06/2022 ഓഡിറ്റ് റിപ്പോർട്ടിന് പ്രഥമ മറുപടി സമർപ്പിച്ചിട്ടില്ല. സ്ഥാപനത്തിലെ ഓഡിറ്റ് ഫയൽ പരിശോധിച്ചതിൽ പ്രഥമ മറുപടി കൌൺസിൽ അംഗീകാരത്തിന് സമർപ്പിച്ചതായും കാണുന്നില്ല.

ഓഡിറ്റ് പരാമർശങ്ങളിൽ തുടർ നടപടികൾ ഇല്ലാത്തതും, പരാമർശങ്ങളെ ഗൗരവമായി സമീപിക്കാത്തതും, അപാകതകൾ നിരന്തരമായി ആവർത്തിക്കപ്പെടുന്നതും ഓഡിറ്റ് പരാമർശങ്ങൾ പരിഹരിക്കുന്നതിന് നഗരസഭയുടെ ഭാഗത്ത് നിന്ന് ശ്രമങ്ങളില്ലാത്തതും ഗുരുതരമായ ചട്ട ലംഘനമാണ്. ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

### 1-29 സർക്കാർ ഉത്തരവിന് വിരുദ്ധമായി കേസുമായി മുന്നോട്ട് പോവുന്നു

നഗരസഭാ പ്രദേശത്തെ അങ്കണവാടിക്ക് സ്ഥലം വിട്ടുകൊടുത്തയാളുടെ ആശ്രിതർക്ക് നഗരസഭ അങ്കണവാടി വർക്കറായി ജോലി നൽകിയില്ലെന്നാരോപിച്ച് ഹർഷ.പി മുതലായവർ WP (C) 28/26 2021 നമ്പറായി മുക്കം നഗരസഭക്കെതിരെ കേസ് നൽകിയിട്ടുണ്ട്. മുക്കം നഗരസഭയിലെ കുറ്റ്യേരിമ്മൽ ഡിവിഷനിലെ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് പരാതിക്കാരിയായ ഹർഷയുടെ പിതാവ് സ്ഥലം വിട്ടു നൽകിയതായി രേഖകൾ കാണിക്കുന്നു. സ. ഉ (എം. എസ്) നം 85/2013/സാനീവ തിയ്യതി.

19/10/2013 , 18/09/2012 ലെ സ. ഉ (എം. എസ്) നം. 55/2012/സാക്ഷേവ പ്രകാരം അങ്കണവാടിക്ക് സ്ഥലം വിട്ടുകൊടുത്തയാളുടെ ആശ്രിതർക്ക് യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ച് അങ്കണവാടി ജീവനക്കാരിയായി നിയമനം നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവുകൾ പാലിക്കാതെ നഗരസഭ പരാതിക്കാരിക്കെതിരായി കേസ് നടത്തിപ്പുമായി മുന്നോട്ട് പോവുകയാണ് ചെയ്തിരിക്കുന്നത്. പരാതിക്കാരി സ്ഥലം വിട്ടു നൽകിയതിനും നഗരസഭ ആയത് ഏറ്റെടുത്തതിനും കൃത്യമായ തെളിവുകളുണ്ടായിരിക്കെ ഏതർത്ഥത്തിലാണ് നഗരസഭ കേസ് നടത്തിപ്പുമായി മുന്നോട്ട് പോവുന്നതെന്ന ഡിഫൻസ് സ്റ്റേറ്റ്മെന്റ് ഫയലിൽ ലഭ്യമല്ല. സർക്കാർ ഉത്തരവ് പാലിക്കാതെ, നഗരസഭക്ക് ഭാരിച്ച ചിലവുകൾ വരുത്തിക്കൊണ്ട് ഈ കേസുമായി മുന്നോട്ട് പോകുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-30 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നം. - 06/22

അടങ്കൽ - 6,00,000/- രൂപ

ചെലവ് - 6,00,000/- രൂപ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (ഹോമിയോ )

മേൽ പദ്ധതിയിൽ വിവിധ ഹോമിയോ മരുന്നുകൾ വാങ്ങുന്നതിനു കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ് ഫാർമസിക്ക് (ആലപ്പുഴ) 6,00,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി 4,68,102/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. സ്ഥാപനവുമായി യാതൊരുവിധ കരാറിലും ഏർപ്പെടാതെയാണ് മരുന്നുകളുടെ മുഴുവൻ തുകയും മുൻകൂറായി നൽകിയിരിക്കുന്നത്. നൽകിയ തുകയിൽ ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇനിയും ലഭ്യമാക്കാന് അവശേഷിക്കുന്ന മരുന്നിന്റെ വില 131898/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-31 പെൻഷൻ അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം

മുക്കം നഗരസഭയുടെ 2020-21 വർഷത്തെ വിവിധ ക്ഷേമ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ മുതലായ ഇനങ്ങളിൽ 6 മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിൽ പോലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തിയ്യതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|---|
| 1. | ജോൺ ടി.എം. | വാർധക്യകാല പെൻഷൻ | P1 12435/20 24/12/20 | 25/06/2021 |
| 2. | ലക്ഷ്മി പി | ടി | P1 12364/20 22/12/20 | 25/06/2021 |
| 3. | അബ്ദുള്ള.എം.പി | ടി | P1 11769/20 30/11/20 | 25/06/2021 |
| 4. | ഹസ്സൻ നെച്ചൂട്ടിൽ | ടി | P1 8119/20 3/09/20 | 25/06/2021 |
| 5. | ശിവദാസൻ പി | ടി | P1 1267/21 16/01/21 | 25/06/2021 |
| 6. | ശോഭന കെ. കെ | വിധവാ പെൻഷൻ | P1 1775/21 25/01/21 | 05/7/2021 |
| 7. | ഉഷ എം. | ടി | P1 1809/21 27/01/21 | 05/7/2021 |
| 8. | ശൈലജ.സി.കെ | ടി | P1 2168/21 | 05/7/2021 |

| | | | | |
|---|---|---|---|---|
| | | | 4/02/21 | |
| 9. | സൈനബ നെടുമ്പൊയിൽ | കർഷക തൊഴിലാളി പെൻഷൻ | P1 1792/21 25/01/21 | 18/08/21 |
| 10 | ആമിന അറപ്പൊയിൽ | ടി | P1 2478/21 11/02/21 | 18/08/21 |

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിന്മേൽ അന്വേഷണം പൂർത്തീകരിക്കാൻ സമയമെടുക്കുന്നതായും അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ കൌൺസിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം നേരിടുന്നതായും കാണുന്നു. കർഷക തൊഴിലാളി പെൻഷൻ അപേക്ഷ ലഭിച്ച് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകളിൽ 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. പെൻഷൻ അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കേണ്ടതാണ്.

1-32 പി.എം.എ.വൈ. പദ്ധതി - കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട്, തനത് ഫണ്ട് എന്നിവയുടെ ചെലവുകൾ ഐ. കെ. എം. സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയില്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പി.എം.എ.വൈ. പ്രോജക്ടുകളിലെ (പ്രോജക്ട് നമ്പർ 552, 425, 424, 5 എന്നിവ പ്രകാരം) കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട്, തനത് ഫണ്ട് എന്നിവയുടെ ചെലവുകൾ തൻവർഷത്തെ ഐ.കെ.എം. സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇപ്രകാരം ഐ.കെ.എം. സുലേഖ സ്റ്റേറ്റ്മെന്റിൽ നിന്നും ഈ പദ്ധതിയുടെ 62,45,000/- രൂപയുടെ ചെലവുകൾ ഒഴിവായി പോയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പി.എം.എ.വൈ. പദ്ധതിയിലെ ആകെ ചെലവ് | 1,24,35,000 രൂപ |
| ഐ.കെ.എം. സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ട തുക | 61,90,000 രൂപ |
| ഐ.കെ.എം. സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്ത തുക | 62,45,000 രൂപ |

ഓഡിറ്റ് വർഷം നഗരസഭ നടപ്പാക്കിയ മേൽ പ്രോജക്ടുകൾ പ്രകാരമുള്ള ചെലവുകളുടെ വിവരം തൻവർഷത്തെ ഐ. കെ. എം. സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താതിരുന്നതിന് വിശദീകരണം

നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 8/2021-22 തീയതി 1.10.2022 ) 7.10.2022 ന് ലഭ്യമാക്കിയ മറുപടിയിൽ പി.എം.എ.വൈ പദ്ധതിക്കായി PFMS വഴി തയ്യാറാക്കിയ ബില്ലുകൾ ലോക്കൽ സാംഖ്യയിൽ മാത്രം ഉൾപ്പെടുത്തുകയും ആയത് വെബ് സാംഖ്യയിൽ നിന്നും അറിവില്ലായ്മ മൂലം ഒഴിവാക്കപ്പെടുകയും ആണ് ഉണ്ടായത് എന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭയുടെ കണക്കുകൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

1-33 നഗരസഭാ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - കെൽട്രോണിന് അധികം നൽകിയ തുക നാളിതു വരെ തിരികെ ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0472/22 |
| പ്രോജക്ട് | നഗരസഭാ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | തനത് ഫണ്ട് - 2,00,000 രൂപ |
| ചെലവഴിച്ച തുക | 1,73,091 രൂപ (ട്രഷറി ചെക്ക് നമ്പർ- 5068849 തീയതി 5.11.2021 - 1,19,391 രൂപ, SBI ചെക്ക് നമ്പർ - 596773 തീയതി 7.1.2022 – 53,700 രൂപ ) |

നഗരസഭാ ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നതിനായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രോജക്ടാണ് ഇത്. സർക്കാരിന്റെ CPRCS പോർട്ടൽ വഴി കെൽട്രോണിൽ നിന്നും ഇവ വാങ്ങാനാണ് തീരുമാനിച്ചത്. ഈ പ്രോജക്ട് പ്രകാരം 3 കമ്പ്യൂട്ടറുകൾ കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. കെൽട്രോണിൽ ലഭ്യമല്ലാതിരുന്ന പ്രത്യേക സ്പെസിഫിക്കേഷനിലുള്ള ഒരു കമ്പ്യൂട്ടർ (IBPMS അപ്ലിക്കേഷന് വേണ്ടി ) ക്വട്ടേഷൻ വഴി എടക്കോടൻ കമ്പ്യൂട്ടേഴ്സ്, മുക്കം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.

കെൽട്രോണിൽ നിന്നും വാങ്ങിയ 3 കമ്പ്യൂട്ടറുകളുടെ വിലയായി 1,19,391/- രൂപ നൽകിയിട്ടുണ്ട് (കെൽട്രോണിന്റെ 29.10.2021 ലെ 31607/20-21 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം). എന്നാൽ

7.2.2022 ലെ ഡെലിവറി ബിൽ പ്രകാരം (നമ്പർ - 521337538223) കെൽട്രോൺ സപ്ലൈ ചെയ്ത 3 കമ്പ്യൂട്ടറുകളുടെ വില 1,14,798 രൂപയാണ്. ഇപ്രകാരം കമ്പ്യൂട്ടറുകളുടെ വിലയിനത്തിൽ അധികം നൽകിയ 4,593 രൂപ (1,19,391 – 1,14,798) കെൽട്രോണിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇക്കാര്യം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 10/2021-22 തീയതി 3.10.2022) 7.10.2022 ന് ലഭ്യമാക്കിയ മറുപടിയിൽ കെൽട്രോണിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. കെൽട്രോണിൽ നിന്നും തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-34 തെരുവു വിളക്ക് വൈദ്യുത ചാർജ്ജ് അടവ് - അപാകതകൾ

നഗരസഭാ പ്രദേശത്തെ തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഇനത്തിൽ 2021-22 വർഷം 5,78,208/- രൂപ കെ. എസ്. ഇ. ബി - യിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ പ്രവർത്തിക്കുന്ന തെരുവു വിളക്കുകളുടെ എണ്ണത്തിന് ആനുപാതികമായാണ് വൈദ്യുത ചാർജ്ജ് അടവാക്കുന്നത് എന്ന് ഉറപ്പാക്കുന്നില്ല. നഗരസഭാ പ്രദേശത്ത് നാളിതു വരെ സ്ഥാപിച്ച തെരുവു വിളക്കുകളെ സംബന്ധിച്ച വിവരമോ ആയവ പ്രവർത്തനക്ഷമമാണോ എന്നുള്ള വിവരമോ നഗരസഭയിൽ ലഭ്യമല്ല. ആയതിനാൽ കെ. എസ്. ഇ. ബി - യുമായി ബന്ധപ്പെട്ട് തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി നിലവിൽ പ്രവർത്തിക്കുന്നവയ്ക്ക് ആനുപാതികമായാണ് വൈദ്യുത ചാർജ്ജ് അടവാക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 6/2021-22 തീയതി 30.9.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. കെ.എസ്.ഇ.ബി - യുമായി ബന്ധപ്പെട്ട് തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി വൈദ്യുത ചാർജ്ജ് നൽകുന്നതിലെ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-35 മുൻകൂർ ക്രമീകരിക്കാതെ അവശേഷിക്കുന്നു

2021-22 വർഷം അനുവദിച്ച താഴെപ്പറയുന്ന മുൻകൂർ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | വർഷം | വൗച്ചർ നമ്പർ, തീയതി | കൈപ്പറ്റിയ വ്യക്തി | തുക | ഇനം |
|---|---|---|---|---|---|
| 1 | 2021-22 | 22101572 – 21.3.2022 | ശ്രീ.സുരേഷ് ബാബു, റവന്യൂ ഇൻസ്പെക്ടർ | 10,000 | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി മൈക്ക് അനൗൺസ്മെന്റ് |

| | | | | | |
|---|---|---|---|---|---|
| | | | | | നടത്തുന്നതിന് |
| ആകെ | | | | 10,000 | |

മേൽ മുൻകൂർ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 7/2021-22 തീയതി 30.9.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ മുൻകൂർ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 19.09.2022, 07.10.2022 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ | - | 2148857 | - | - | 2148857 |
| പി.എം.എ.വൈ ലൈഫ് ഭവന പദ്ധതി (HUDCO) | 4400000 | 3320001 | 2173333 | - | 5546668 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തായിരുന്ന കാലഘട്ടത്തിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 48 | 2003-04 | പൊതു പരാമർശം 1 | കളിമൺ പാത്ര യൂണിറ്റ് പ്രവർത്തന | |

| | | | | | |
|---|---|---|---|---|---|
| | | | | മാരംഭിച്ചില്ല | |
| 2001-02 പ്ലാൻ | 16 | 2003-04 | പൊതു പരാമർശം 3 | വ്യക്തികൾ വിട്ടുകൊടുത്ത ഭൂമിയിൽ നടപടിക്രമങ്ങൾ പാലിക്കാതെ നിർമ്മാണം | |
| 2001-02 | 18 | 2003-04 | പൊതു പരാമർശം 4 | കുടിവെള്ള പദ്ധതികൾ പരിപാലന കമ്മിറ്റികൾക്ക് കൈമാറിയില്ല. | |
| 2000-01 | 32 | 2003-04 | പൊതു പരാമർശം 7 | നികുതി പിരിവിലെ അലംഭാവം വൻതുക കാലഹരണപ്പെട്ടു. | |
| 2001-02 | - | 2004-05 | പൊതു പരാമർശം 3 | നികുതി പിരിവിലെ അലംഭാവം കുടിശ്ശിക പെരുകുന്നു | |
| 2002-03 | 3-11 | 2005-06 | പൊതു പരാമർശം 70(5) | നിക്ഷേപ വേലകൾ പൂർത്തിയാക്കിയില്ല 220950 (ഒഴിവാക്കാൻ ശുപാർശ ചെയ്തു) | |

| | | | | | |
|---|---|---|---|---|---|
| 2003-04 | 3-11 | 2005-06 | 70(8) | കുടിവെള്ള പദ്ധതികൾ പഞ്ചായത്തുകൾക്ക് ബാദ്ധ്യതയാവുന്നു 38527 (ഒഴിവാക്കാൻ ശുപാർശ ചെയ്തു) | |
| 2002-03 | 2 | 2005-06 | 70(14) | നികുതി പിരിവിലെ അലംഭാവം കുടിശ്ശിക പെരുകുന്നു | |
| 2003-04 | 3-3 | 2005-06 | 74 | വരൾച്ചാ ദുരിതാശ്വാസം 1.2 ലക്ഷം ദുർവ്യയം (തുക ഈടാക്കാൻ RR നടപടി, റിപ്പോർട്ട് നൽകാൻ ശുപാർശ) | |
| 2004-05 | 2-7 | 2006-07 | 3.79.1 | ബസ് സ്റ്റാന്റ് ഫീസ്, മാർക്കറ്റ് ഫീ 90-91 മുതൽ കുടിശ്ശിക | |
| 2004-05 | 3-15 | 2006-07 | 3.79.19 | ടാറിന് അധിക നിരക്ക് നൽകി | |
| | 3-16 | 2006-07 | 3.79.19 | മണ്ണ് പ്രവൃത്തി അപാകതകൾ | |

| | | | | | |
|---|---|---|---|---|---|
| 2007-08 | 3-16 | 2009-10 | 3.2.1 | അസാധാരണ ചെലവ് സർക്കാർ ഉത്തരവ് പ്രകാരമുള്ള പരിധിയും നിബന്ധനയും പാലിച്ചില്ല. | |
| 2007-08 | 3-21 | 2009-10 | 3.8.11 | മുക്കം ബസ് സ്റ്റാന്റ് യാർഡ് നവീകരണം പ്രവൃത്തി നടത്തിപ്പിൽ ക്രമക്കേട് | |
| 2009-10 | 3-1 | 2011-12 | 2.7.3 | ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിഷ്ക്രിയം | |
| | | 2013-14 | 5.3.5.4 | വനിതാ വ്യവസായ കേന്ദ്രം | |
| | | 2013-14 | 5.1.5.10 | കുടുംബശ്രീ മൈക്രോ സംരംഭങ്ങൾ | |
| | | 2014-15 | 4.1.8 | ആസ്തികൾ കാടു പിടിച്ച് കിടക്കുന്നു | |
| | | 2015-16 | 4.1.1 | അക്കൗണ്ടിംഗ് സമ്പ്രദായം അടിസ്ഥാന സൗകര്യങ്ങൾ | |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക | സർട്ടിഫിക്കറ്റ് നമ്പർ, തീയതി | ഉത്തരവാദിയായവർ | ഉൾപ്പെട്ട തുക |
|---|---|---|---|
| 1997-98<br>45, 55 | LF. 22272/Spl. Cell,<br>SC4/00,<br>Dt. 05.07.02,<br>18.07.02 | ടി. പി. ബാലൻ,<br>സെക്രട്ടറി | 3,675 |

4-10 ഓഡിറ്റ് പ്രത്യവലോകനം

സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 22,97,93,655 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 19,53,72,879 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,93,281 |

(ബി). ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 11,18,480 | ശ്രീ.അജിത്ത്.ടി,<br>ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ്-1) |
| 1-26 | 2,42,903 | ശ്രീ. കൃഷ്ണൻ കുട്ടി.പി.എം,<br>മുനിസിപ്പൽ എഞ്ചിനിയർ |
| 1-30 | 131898 | ഡോ.റിതു,<br>മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അജിത്ത്.ടി, ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ്-1) | ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ്-1), മുക്കം നഗരസഭ | തളിയിൽ വീട്, കൊവ്വപ്പുറം പി. ഒ, കുഞ്ഞിമംഗലം – 673309 |
| ശ്രീ. കൃഷ്ണൻ കുട്ടി പി. എം, മുനിസിപ്പൽ എഞ്ചിനിയർ | മുനിസിപ്പൽ എഞ്ചിനിയർ, മുക്കം | പുത്തേരിമണ്ണിൽ വീട്, ചെറുകുളത്തൂർ പി. ഒ, കോഴിക്കോട് – 8 |
| ഡോ.റിതു മെഡിക്കൽ ഓഫീസർ | | പ്രതീക്ഷ വീട്, ഒഴയാടി കുന്ദമംഗലം.പി.ഒ 673 571 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ.എസ്.എ.കെ.കെ ഡി/പി14/ 2239/16(1) തി. 27-12-2017 | 34, 35(1),(2),38 A, B, 39, 48, 64, 65, 66, 71 |
| 2000-01 | കെ.എസ്.എ.കെ.കെ ഡി/പി14/ 2239/16(2) തി. 27-12-2017 | 29, 32, 35, 36, 38, 42, 48, 50, 51, 52, 53, 55, 56, 57 |
| 2001-02 | കെ.എസ്.എ.കെ.കെ ഡി/പി14/ | 3(4), 3(5), 3(7) |

| | | |
|---|---|---|
| | 2239/16(3) തി. 27-12-2017 | |
| 2002-03 | കെ.എസ്.എ.കെ.കെ ഡി/പി14/ 2017/16 തി. 23-12-2017 | 3(2), 3(3)1, 3(3)1, 3(3)2, 3(5), 3(9), 3(10), 3(12), 3-13 മുതൽ 3-19 വരെ |
| 2005-06 | കെ.എസ്.എ.കെ.കെ ഡി/പി14/ 2239/16 08-02-2018 | 2-5, 2-6(2), 2-7, 3(2), 3(3), 3(5), 3(6), 3(7) 3(8), 3(10), 3(11), 3(12), 3(13), 3(14) |
| 2010-11 | കെ.എസ്.എ.കെ.കെ ഡി/പി14/ 2239/16(5) തി. 08-02-2018 | 2-4, 3(10, 3(4), 3(5), 3(6), 3(7), 3(8), 3(9), 3(11), 3(15), 3(19), 3(20), 3(27) |
| 2016-17 | കെ.എസ്.എ.കെ.കെ ഡി/പി14/ 1735/17 തി. 21-05-2018 | 2-1 മുതൽ 2-17 വരെ, 3-1 മുതൽ 3-18 വരെ |
| 2017-18 | കെ.എസ്.എ.കെ.കെ ഡി/പി14/ 346/2019 തി. 10-05-2019 | 2-1 മുതൽ 2-6 വരെ, 3-1 മുതൽ 3-9 വരെ, 3-11 മുതൽ 3-19 വരെ, 3-21, 3-22, 3-23 |
| 2018-19 | കെ.എസ്.എ.കെ.കെ ഡി/പി13/ 1262/2020 തി. 28.01.2021 | 1-12, 1-14, 1-16, 1-18, 1-21, 1-22, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-32, 1-33, 1-35, 1-36, 1-37, 1-38, 1-40, 1-41, 1-42, 1-43, 1-44, 1-46 1-48, 3-1 |
| 2019-20 | കെ.എസ്.എ.കെ.കെ ഡി/പി9/ 384/2022 തി. 21.03.2022 | മുഴുവൻ ഖണ്ഡികകളും (51) |
| 2020-21 | കെ.എസ്.എ. കെ.കെ.ഡി. പി. 9/917/2022 തീ. 03/06/2022 | മുഴുവൻ ഖണ്ഡികകളും (28) |

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ മുക്കം മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ മുക്കം മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്